# ബഥേൽ പത്രിക

Since 1987

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

ആഗസ്റ്റ് 2023
വാല്യം 35 ലക്കം 8





## പാവനസ്മരണയ്ക്ക് മുമ്പിൽ....



പ്രാർത്ഥനാപൂർവ്വം

## MUTHOOT MINI AND FAMILY

എഡിറ്റോറിയൽ

ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

# പുണ്യത്തിന്റെയും ഓർമ്മ പുതുക്കലിന്റെയും ചിങ്ങമാസം

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന്റെ ധന്യമായ ദിവസങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. പുത്രൻ തമ്പുരാനെ ഉള്ളത്തിൽ വഹിക്കുവാൻ പാകത്തിൽ മനസ്സും ശരീരവും പവിത്രമായവൾ. നമുക്ക് വേണ്ടി നിരന്തരമായി മദ്ധ്യസ്ഥത അർപ്പിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവൾ. പരിശുദ്ധ ദൈവമാതാവിന്റെ താഴ്മയും വിനയവും ദൈവ ഭക്തിയും കരുതലും പരിശുദ്ധാത്മ നിറവും നമുക്ക് കോട്ടയും കാവലും ആയിരിക്കട്ടെ.

ഓഗസ്റ്റ് 15, ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനം കൂടിയാണ്. നൂറ്റാണ്ടുകളായി ഭാരതം നേരിട്ടിരുന്ന അടിമത്വത്തിൽ നിന്നുമുള്ള മോചനം. പോർട്ടുഗീസ്, ഫ്രഞ്ച്, ഡച്ച്, ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുമുള്ള മോചനം. ഭാരതത്തിന്റെ അഖണ്ഡതയ്ക്കും സ്വാതന്ത്ര്യത്തിനുമായി പൊരുതിയ ധീര ദേശാഭിമാനികളെ നമുക്ക് അഭിമാനത്തോടുകൂടി സ്മരിക്കാം. ആദരവുകൾ അർപ്പിക്കാം. സ്വാതന്ത്ര്യത്തിന്റെ ഏഴര പതിറ്റാണ്ട് പിന്നിടുമ്പോൾ ഇന്നും ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. സ്വാതന്ത്ര്യത്തിന്റെ ഏഴര പതിറ്റാണ്ട് പിന്നിടുമ്പോൾ ഭാരതം വിഭാവനം ചെയ്തിരുന്ന മതേതരത്വത്തിന്റെ അലകുകൾ എവിടെയോ നഷ്ടപ്പെട്ടുപോകുന്നു. അഭിപ്രായസ്വാതന്ത്ര്യങ്ങൾക്കുമേൽ കൂച്ചുവിലങ്ങുകൾ വീഴുന്നു. ജനാധിപത്യത്തിന്റെ നേർത്ത നൂലിഴകൾക്കുമേൽ കടുംകെട്ടുകൾ അഭംഗി സൃഷ്ടിക്കുന്നു. ഭാരതത്തിന്റെ അഖണ്ഡത കാത്തുസംരക്ഷിക്കുവാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്.

അമർത്യതയുടെ തീരത്തണഞ്ഞ ഭാഗ്യസ്മരണാർഹനായ തോമസ് മാർ അത്താനാസിയോസ് തിരുമനസിന്റെ അഞ്ചാമത് ഓർമ്മ പെരുന്നാളിലേക്ക് നാം അടുക്കുകയാണ് (ഓഗസ്റ്റ് 24). അന്ത്യം വരെ, അച്ചൻ എന്നോടൊപ്പം നിൽക്കണം എന്ന കൽപ്പന ശിരസ്സാവഹിച്ച് പിതാവിനോടൊപ്പം ചേർന്നുനിന്ന ധന്യമായ കാലഘട്ടങ്ങൾ എന്റെ ജീവിതത്തിലെ മഹാഭാഗ്യമായി പരിണമിച്ചിട്ടുണ്ട്. മലങ്കര സഭയ്ക്ക് പരിശുദ്ധ പിതാവ് നൽകിയ സുദീർഘമായ നേതൃത്വം പുണ്യപൂർവ്വമായ ആത്മീയ ഭൗതിക തേരോട്ടങ്ങൾക്ക് നാന്ദി കുറിച്ചു. അവയിൽ പലതും പിന്നീട് പരിശുദ്ധ സഭയുടെ പ്രവർത്തന പന്ഥാവുകൾക്ക് ഏറെ സഹായകരമായി.

ചെങ്ങന്നൂർ ഭദ്രാസനാധിപൻ എന്ന നിലയിൽ ആത്മീയ പരിസരം രൂപപ്പെടുത്തുവാനും നിലനിർത്തുവാനും അതിനായി ആത്മീയ സംഘടനകളെ പരിപോഷിപ്പിക്കുവാനും അദ്ദേഹം ഏറെ ബദ്ധശ്രദ്ധനായിരുന്നു. അച്ചടക്കമുള്ള ഭദ്രാസനം അദ്ദേഹത്തിന്റെ മുതൽ കൂട്ടായിരുന്നു. ആശയാവിഷ്കാരങ്ങൾ പ്രാവർത്തിമാക്കുവാൻ അദ്ദേഹത്തിന്റെ അനായാസമായ കഴിവ് എടുത്തു പറയേണ്ടതാണ്.

നെല്ലിക്ക പോലെ ആദ്യം കയ്ക്കുന്ന അദ്ദേഹത്തിന്റെ ശകാരങ്ങളും ശാസനകളും പാലിക്കുമ്പോൾ പിന്നീട് ഏറെ മധുരകരവും ഔഷധ കരവും ആയി മാറാറുണ്ടെന്നുള്ളത് അദ്ദേഹത്തിന്റെ നീതി ബോധത്തെ എടുത്തുകാട്ടുന്നവയാണ്. സാമൂഹ്യ പ്രതിബദ്ധതയോടുകൂടി സമകാലീന പ്രശ്നങ്ങളിൽ പൊതുസമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി, ശ്രേയസിനു വേണ്ടി അദ്ദേഹം ഏറ്റെടുത്ത വെല്ലുവിളികളും ഏറെയാണ്. ഈ പിതാവിന്റെ പാതാരവിന്ദത്തിൽ പ്രാർത്ഥനയോടെ നമുക്ക് അടുത്ത ചെല്ലാം. ഉത്തമ മാതൃകകൾ പിന്തുടരാം.

തിരുവോണ സന്ദേശം ഉയർത്തിക്കൊണ്ട് പൊന്നിൻ ചിങ്ങം സമാഗതമായിരിക്കുകയാണ്. കേരളത്തിന്റെ ദേശീയ ഉത്സവമാണ് ഓണം. കാർഷിക സംസ്കൃതിയുടെ പൈതൃകപ്പെരുമയാണ് ഇവിടെ മുഴങ്ങുന്നത്. ജാതിമത വർഗ്ഗ വർണ്ണ ലിംഗ ഭേദമെന്യേ സമത്വ സുന്ദരമായ ആ പഴയ കാലത്തിന്റെ ഓർമ്മ പുതുക്കുന്ന ഓണക്കാലം. കള്ളവും ചതിയും ഇല്ലാത്ത, പൊളി വചനങ്ങൾ ഇല്ലാത്ത കാലം നമ്മിൽനിന്ന് ഒരുപാട് അകലെയായിരിക്കുന്നു. എല്ലായിടവും കാപട്യത്തിന്റെ അലകൾ അടിച്ച് അസമാധാനത്തിന്റെയും അസന്തുഷ്ടയുടെയും അവസ്ഥ സംജാതമായിരിക്കുന്നു. ഇതു വലിയ ദുരന്തത്തിലേക്ക് നമ്മെ എത്തിക്കുമെന്നതിന് രണ്ടു പക്ഷമില്ല. അതുകൊണ്ടുതന്നെ പുണ്യ പൈതൃകങ്ങൾ പരമാവധി സംരക്ഷിച്ച് പുതിയ തലമുറയ്ക്ക് പകർന്നു നൽകുവാൻ നമുക്ക് സാധ്യമാകട്ടെ.

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന്റെ അനുഗ്രഹങ്ങളും 15 നോമ്പിന്റെ പുണ്യങ്ങളും ഏവരിലും നിറയട്ടെ. ഭാരത സ്വാതന്ത്ര്യത്തിന്റെ അഖണ്ഡതയും പാലനവും നിലനിർത്തുവാനും, ഒരുമയുടെ ഓണം വീണ്ടും ഊട്ടിയുറപ്പിക്കുവാനും നമുക്ക് ഒരുമിച്ച് യജ്ഞിക്കാം.

Since 1987
ബഥേൽ പത്രിക

Bethel Pathrika, P. B. No. 38, Chengannur, Kerala 689 121
+91 479 2451331
bethelpathrika@gmail. com www. bethelpathrika. org

**പത്രാധിപസമിതി**

| | | |
|---|---|---|
| രക്ഷാധികാരി | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി | |
| മാനേജിംഗ് എഡിറ്റർ | അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ©9447718511 | |
| പബ്ലീഷർ | റവ. ഫാ. പി. കെ. കോശി | ©9447654008 |
| ചീഫ് എഡിറ്റർ | റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ | ©9495765393 mathewvarghese678@gmail. com |
| എക്സിക്യൂട്ടീവ് എഡിറ്റർ | റവ. ഫാ. മത്തായി സഖറിയ, ഇടവങ്കാട് | |
| എഡിറ്റർ | റവ. ഫാ. ജോബിൻ സാമുവേൽ, കുടശനാട് | |
| അസ്സോസിയേറ്റ് എഡിറ്റർ | ശ്രീ. സിബി മത്തായി, ഇടനാട് | |
| സർക്കുലേഷൻ മാനേജർ | റവ. ഡീ. ജിതിൻ ജോസ് ഇടവങ്കാട് | |
| അംഗങ്ങൾ | ശ്രീ. സജി പട്ടരുമഠം, ബുധനൂർ | ശ്രീ. ജോർജ് വർഗീസ്, പുത്തൻകാവ് |
| | ശ്രീ. എബി അലക്സാണ്ടർ, പുത്തൻകാവ് | ശ്രീ. ബിനോയ് പി. ജോർജ്, കുടശനാട് |
| | ശ്രീ. ഷാജൻ മാത്യു, പേരിശ്ശേരി ഈസ്റ്റ് | ശ്രീ. റിബു ജോൺ, പേരിശ്ശേരി |
| | ശ്രീ. ചിൽസ് തോമസ് കോശി, കുർത്തമല | ശ്രീ. ബിനു മുളക്കുഴ |
| | ശ്രീമതി മിനി ജോൺസൺ, മെഴുവേലി | |
| ഉപദേശകസമിതി | റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ | അഡ്വ. ജി. ഏബ്രഹാം, കുർത്തമല |
| | ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ | പ്രൊഫ. ഡോ. ബിൻസി റെജി, ആറ്റുവാ |
| | ശ്രീമതി സോളി ജി. ഫിലിപ്പ്, മംഗലം | |

**വരിസംഖ്യ 250 രൂപ**

## ഇതളുകളിൽ

| | | |
|---|---|---|
| 05 | ഇടയപത്രിക | ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ |
| 06 | മാർ അത്താനാസിയോസ് അനുസ്മരണം | |
| 22 | ക്വിസ് 12 | |
| 23 | തോറ്റുപോയവന്റെ ഉത്സവം | ബെന്യാമിൻ |
| 24 | അമൃതനാമധാരിയായ മാർ അത്താനാസിയോസ് | ഫാ. ഡോ. ഫെലിക്സ് യോഹന്നാൻ തട്ടാശ്ശേരിൽ |
| 27 | പ്രാഥമിക ലിസ്റ്റും അന്തിമ ലിസ്റ്റും | വർഗീസ് ജോൺ, തോട്ടപ്പുഴ |
| 29 | ബാലപത്രിക | |



പ്രിയ സുഹൃത്തെ,

ബഥേൽ പത്രിക മാസികയുടെ വരിസംഖ്യ, താങ്കൾ 250/– രൂപാ നൽകി പുതുക്കണമെന്ന് സ്നേഹ പൂർവ്വം അറിയിക്കുന്നു. 2023 സെപ്റ്റംബർ മുതൽ ഒരു വർഷത്തേക്കോ, 2500/– രൂപാ നൽകി 12 വർഷത്തേക്കോ വരിസംഖ്യ പുതുക്കാവുന്നതാണ്. ബഥേൽ പത്രിക മാസികയ്ക്കു നൽകി വരുന്ന താങ്കളുടെ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പബ്ലീഷർ

# മാർ അത്താനാസിയോസ്....
# കാലത്തിനുമുമ്പേ സഞ്ചരിച്ച കർമ്മയോഗി

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

ക്രൈസ്തവ സഭാ ചരിത്രത്തിൽ സത്യവിശ്വാസ സംരക്ഷകനായി അറിയപ്പെടുന്ന സഭാ പിതാവാണ് അലക്സന്ത്രയായിലെ മാർ അത്താനാസിയോസ്. അറിയൂസിന്റെ പാഷാണ്ഡ ഉപദേശങ്ങളോട് മറുത്ത് നിന്ന് സ്തുതി ചൊവ്വാക്കപെട്ട സത്യവിശ്വാസം കളങ്കപ്പെടാതെ കാത്തുസൂക്ഷിക്കുവാൻ അദ്ദേഹം കഠിനമായി പരിശ്രമിച്ചു. തുടന്നുള്ള സഭാ ചരിത്രം പരിശോധിച്ചാലും അത്താനാസിയോസ് നാമധാരികൾ എല്ലാം വി. സഭയോട് ചേർന്ന് നിന്ന് സഭയ്ക്കായി പ്രവർത്തിച്ചതായി കാണാം. മലങ്കര സഭാ ചരിത്രത്തിൽ ചില പിൻവാതിൽ നിയമനങ്ങൾ അതിനപവാദമായി ഉണ്ടെങ്കിലും പ്രവർത്തന മണ്ഡലത്തിൽ അത്താനാസിയോസ് നാമധാരികൾ തീഷ്ണത ഉള്ളവരും, സഭാ സ്നേഹികളും, ഭരണ നൈപുണ്യമുള്ളവരും ആയിരുന്നു എന്ന് മനസിലാകും. അത്താനാസിയോസ് എന്ന വാക്കിന്റെ അർഥം 'മരണം ഇല്ലാത്തവൻ' എന്നാണ്. ഈ പിതാക്കന്മാരുടെ എല്ലാം ചരിത്രം അത് അന്വർത്ഥം ആക്കുന്നു.

ആ നിരയിൽ ഇളമുറക്കാരനായി, നമ്മളിൽ ഒരാളായി ജീവിച്ചു കടന്നുപോയ ഭാഗ്യവാനായ പിതാവിന്റെ അഞ്ചാമത് ഓർമ്മയാണ് ഭക്തി ആദരവോടെ നാം കൊണ്ടാടുന്നത്. നിലപാട് കൊണ്ടും, ഭരണ പാടവം കൊണ്ടും, കർമ്മ കുശലത കൊണ്ടും തന്റേതായ ഒരു ഇടം കണ്ടെത്തിയ പിതാവായിരുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ ഇടയനും നമ്മുടെ മുൻഗാമിയും, ജ്യേഷ്ഠസഹോദരനുമായ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത. അപ്രീസിയേഷൻ ആൻഡ് പെർഫെക്ഷൻ (Appreciation & Perfection) എന്നത് തിരുമേനിയുടെ ഒരു പ്രത്യേകതയായിരുന്നു. ഏത് കാര്യം ആര് ചെന്ന് പറഞ്ഞാലും അതിൽ ഒരു നന്മ ഉണ്ടെകിൽ അത് തിരിച്ചറിഞ്ഞു 'വെരിഗുഡ്, ഫൈൻ' എന്ന് പറഞ്ഞു അഭിനന്ദിക്കുവാനും സന്തോഷം പ്രകടിപ്പിക്കുവാനും, അവിടെ മറ്റാരെങ്കിലും ഉണ്ടെങ്കിൽ അവരോടു ആ സന്തോഷം പങ്കിടുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നു. വ്യക്തിപരമോ, ഔദ്യോഗികമോ, ആരാധനാ അനുഷ്ഠാനങ്ങൾ പരമായോ ആയ കാര്യങ്ങളിൽ അടുക്കും ചിട്ടയോടും, ഭംഗിയായും അത് നിർവ്വഹിക്കുവാൻ അഭിവന്ദ്യ പിതാവ് ശ്രദ്ധിച്ചിരുന്നു. കൂടാതെ പിതാവ് ഇടപെടുന്ന എല്ലാ മേഖലകളിലും ഒരു അത്താനാസിയോസ് പെർഫെക്ഷൻ (Perfection) തിരുമേനി സൂക്ഷിച്ചിരുന്നു. 'കട്ടികൂട്ടുക' എന്ന വാക്ക് തിരുമേനിയുടെ ഡിക്ഷനറിയിൽ ഇല്ലായിരുന്നു.

ബറോഡയും, ചെങ്ങന്നൂരും തിരുമേനിയുടെ ഹൃദയത്തിൽ ചേർത്ത് വെച്ച രണ്ട് പ്രദേശങ്ങൾ ആയിരുന്നു. അവസാന യാത്രയിലും ബറോഡ സന്ദർശിച്ച് യാത്ര പറയുവാൻ സാധിച്ചതും തിരുമനസ്സ് കൊണ്ട് പ്രിയം വെച്ച ചെങ്ങന്നൂരിന്റെ മണ്ണിൽ, പുത്തൻകാവിൽ തിരുമേനി, പരി. മാത്യൂസ് രണ്ടാമൻ ബാവ ഉൾപ്പടെയുള്ള മഹാരഥന്മാരായ പിതാക്കന്മാരുടെ പരിലാളനയിൽ വളർന്ന് വന്ന ഓതറ സെന്റ് ജോർജ്ജ് ദയറായിൽ വി. മദ്ബഹായോടു ചേർന്ന് സമാധി കൊള്ളുന്നതിനും സാധിച്ചത് ഈ ദേശങ്ങളോട് ഉള്ള തിരുമേനിയുടെ ബന്ധത്തിന്റെ ആഴത്തെ പ്രകടമാക്കുന്നു. സ്വകാര്യ സംഭാക്ഷണങ്ങളിൽ പോലും ബറോഡ കഥകളുടെ ആവർത്തന വിരസത ഉണ്ടാകുമ്പോൾ അത് ഫലിതമായി ഓർമിപ്പിക്കുമ്പോൾ ഒരു തെളിഞ്ഞ ചിരി ആ മുഖത്ത് വീഴുന്നത് ഈ പ്രദേശങ്ങളോട് ഉള്ള വികാരപരമായ ബന്ധത്തിന്റെ ഊഷ്മളത വിളിച്ചോതുന്നതായിരുന്നു.

വൈദീക ശുശ്രൂഷ ഏറ്റവും ശ്രേഷ്ഠവും, അതിനു വിളിക്കപെടുന്നവർ എല്ലാ തരത്തിലും ആ ശുശ്രൂഷയ്ക്ക് യോഗ്യരും ആയിരിക്കണം എന്ന് തിരുമേനിക്ക് നിർബദ്ധമായിരുന്നു. മികച്ച അദ്ധ്യാപകൻ എന്ന നിലയിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം തിരുമേനി നടപ്പാക്കുവാൻ പരിശ്രമിച്ചു. ഏത് വിഷയവും ദീർക്ഷവീക്ഷണത്തോടെ കാണുവാനും, നിയമത്തിന്റെ പരിധിയിൽ നിന്നും കൊണ്ട് തീരുമാനം എടുക്കുന്നതിനും, സാധാരണ വിശ്വാസികളുടെ പ്രയാസങ്ങൾ ആത്മീയ പിതാവ് എന്ന നിലയിലും, സാമൂഹിക പ്രതിബദ്ധതയോടും പരിഹരിക്കവനും തിരുമനസുകൊണ്ടു ശ്രദ്ധിച്ചു.

അഭിവന്ദ്യ തിരുമേനിയുടെ സഹായ മെത്രാപ്പോലീത്ത എന്ന നിലയിൽ ബലഹീനനായ നമുക്ക് ലഭിച്ച സ്നേഹ വാത്സല്യ ബഹുമാനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. 2017 ജൂലൈ 03 ലെ വിധി തിരുമേനിയെ വളരെ ആവേശഭരിതനാക്കിയുരുന്നു. ഒന്നായ മലങ്കര സഭ തിരുമേനിയുടെ ഒരു സ്വപ്നമായിരുന്നു. നമ്മുടെ വാത്സല്യ പിതാവും, ഗുരുനാഥനുമായ മലങ്കരയുടെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമേനിയായിരുന്നു അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയുടെയും മാതൃക പുരുഷൻ. അത് എടുപ്പിലും, നടപ്പിലും അതെപടി അഭിവന്ദ്യ തിരുമനസുകൊണ്ടു പിന്തുടർന്നു. നൂതന ആശയങ്ങൾ നടപ്പാക്കുവാൻ തിരുമേനി അക്ഷീണം പരിശ്രമിച്ചു. 'ഇന്ന് ചെങ്ങന്നൂർ, നാളെ സഭ മുഴുവൻ' എന്ന് തിരുമേനി തന്റെ എല്ലാ പ്രഭാഷണങ്ങളിലും ഓർമ്മിപ്പിക്കുമായിരുന്നു. അഭിവന്ദ്യ തിരുമേനിയുടെ അദൃശ്യ സാന്നിധ്യം ഇന്നും നമുക്ക് ഊർജ്ജം പകരുന്നു. മരണമില്ലാത്തവനായി മലങ്കരയുടെ മണ്ണിൽ മാർ അത്തനാസിയോസ് ജീവിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ ദീപ്ത സ്മരണയ്ക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നു. തിരുമേനിയുടെ മധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.



# മാർ അത്താനാസിയോസ് അനുസ്മരണം



## യഥാർത്ഥ ആത്മീയ നേതാവ്

**(ഗീവർഗീസ് മാർ പീലക്സീനോസ്, മദ്രാസ് ഭദ്രാസനം)**

ആത്മീയ മേഖലയിലും രാഷ്ട്രീയത്തിലും വിദ്യാഭ്യാസ മേഖലയിലും നേതാവ് എന്ന പദം ഉപയോഗിച്ച് വ്യക്തികളെ വിളിക്കുകയും പരിചയപെടുത്തുകയും ചെയ്യാറുണ്ട്. ഒരു നേതാവിന് ഉണ്ടായിരിക്കേണ്ട ആറ് ഗുണവിശേഷങ്ങൾ, LEADER എന്ന ഇംഗ്ലീഷ് വാക്കിലെ ലെറ്റേഴ്സ് വികസിപ്പിച്ചാൽ നമുക്ക് ലഭിക്കും. അത് എല്ലാം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയിൽ നാം കണ്ടെത്തുന്നു. അതുകൊണ്ട് തിരുമേനി ഒരു യഥാർത്ഥ നേതാവ് ആയിരുന്നു.

1. L - Lovable സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും മനസ്സും വികാരവും നിറഞ്ഞ പിതാവ്. 2. E - Electrifying പെട്ടെന്ന് വലിയ ആവേശം ജനിപ്പിക്കുന്നു. തിരുമേനിയുടെ വാക്കുകളിലും പെരുമാറ്റത്തിലും അത് സ്പഷ്ടമാണ്. 3. A - Adaptable എല്ലാ വ്യക്തികളോടും സാഹചര്യങ്ങളോടും ചേരാനും പൊരുത്തപ്പെടാനും ഉള്ള തിരുമേനിയുടെ കഴിവ് ശ്രദ്ധേയമാണ്. 4. D - Diplomatic നയതന്ത്രപരം. പരിശുദ്ധ സഭയുടെ മാത്രമല്ല സമൂഹത്തിന്റെ മുഴുവൻ മേഖലയിലും തന്റെ നയതന്ത്രപരത ഉപയോഗിച്ച് വിജയം കൈവരിച്ച പിതാവായിരുന്നു അത്താനാസിയോസ് തിരുമേനി. 5. E - Earnest ആത്മാർത്ഥതയുടെ വക്താവ് ആയിരുന്നു തിരുമേനി എന്ന് നിസ്സംശയം പറയാം. ഏൽപ്പിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അച്ചടക്കത്തോടും ചിട്ടയായും നിർവഹിക്കുവാൻ മുന്നിൽ നിന്ന് നയിച്ച നേതാവ്. 6. R-Recognise മറ്റുള്ളവരെ തിരിച്ചറിയുവാനും തിരുമേനിക്കുള്ള അപാരമായ സിദ്ധി എടുത്തു പറയേണ്ടതാണ്.

അങ്ങനെ ഒരു യഥാർത്ഥ നേതാവ് എന്ന വിശേഷണത്തിനു തീർത്തും യോജ്യനായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി കാലഘട്ടത്തിനു അപ്പുറം ജീവിച്ച ഭാഗ്യസ്മരണാർഹനായ വന്ദ്യ പിതാവ് ആയിരുന്നു.



## ആവേശമായിരുന്നു എന്റെ തിരുമേനി

**ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ (വൈദിക ട്രസ്റ്റി)**

ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി വഴിനടത്തിയ പുണ്യശ്ലോകനായ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ഓർമ്മ നമുക്ക് മാർഗ്ഗദീപമാണ്. പരിശുദ്ധ സഭയുടെ ത്വരിത വളർച്ചയ്ക്കായി നിരന്തരം സ്വപ്നങ്ങൾ കാണുകയും, സ്വപ്നങ്ങളെ പദ്ധതികളാക്കുകയും ചെയ്ത കർമ്മയോഗിയായിരുന്നു ഈ പിതാവ്. ഓർത്തഡോക്സ് ആരാധനയുടെ മധുരിമ തുളുമ്പിനിന്നിരുന്ന തിരുമേനിയുടെ ആരാധനാ – കൗദാശിക അനുഷ്ഠാനങ്ങൾ മലങ്കര സഭയുടെ സ്മൃതിപഥത്തിലുണ്ട്. ബലിപീഠത്തിൽ മുഴങ്ങിയ ആ പ്രൗഢസ്വരം 'മലങ്കരയുടെ പ്രൗഢതേജസ്സ്' എന്ന വിളിപ്പേരിനെ അന്വർത്ഥമാക്കുന്നു.

അഭിവന്ദ്യ തിരുമേനിയുടെ പൈതൃകബോധ്യങ്ങൾ ശ്രദ്ധേയമാണ്. കിഴക്കേത്തലയ്ക്കൽ കുടുംബത്തിലെ പുത്തൻകാവിൽ കൊച്ചുതിരുമേനി ഉൾപ്പെടെയുള്ള തന്റെ മുൻഗാമികളെപ്പറ്റിയുള്ള ബോധ്യം തിരുമേനിയുടെ ആളത്വത്തെയും പ്രവർത്തന ശൈലികളെയും ആഴമായി സ്വാധീനിച്ചു. മലങ്കരസഭയാണ് പ്രാണവായു എന്നടിസ്ഥാന ചിന്തയിൽ നിന്നാണ് തിരുമേനിയുടെ ചിന്തകളും ദർശനങ്ങളും. സ്വന്തം മാതാവിനെ ഗുരുസാന്നിദ്ധ്യമായി കണ്ട തിരുമേനി അഭിമാനത്തോടെയാണ് അമ്മയിൽ നിന്ന് പകർന്നു കിട്ടിയ മൂല്യബോധങ്ങളെപ്പറ്റി നമ്മുടെ തലമുറയോട് സംവേദിച്ചത്. നാം ജീവിക്കുന്ന തലമുറ മൂല്യബോധ്യങ്ങളിൽ വളരണമെന്ന് ഊണിലും ഉറക്കത്തിലും ആഗ്രഹിച്ച പിതാവായിരുന്നു അത്താനാസ്യോസ് തിരുമേനി. 80 കൾ പിന്നിടുമ്പോഴും താൻ ജീവിക്കുന്ന വർത്തമാനകാലത്തോടും അതിന്റെ മാറ്റങ്ങളോടും സംവേദിക്കുവാൻ തിരുമേനിക്ക് എളുപ്പമായിരുന്നു. തിരുത്തൽ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ മുഖം നോക്കാതെ കാർക്കശ്യത്തോടെ ഇടപെട്ട തിരുമേനിയുടെ സ്നേഹത്തെപ്പറ്റിയും, ആർദ്രതയെപ്പറ്റിയും ഡിപ്ലോമസിയെപ്പറ്റിയും ഒക്കെ നെറ്റിചുളിക്കുന്നവരുണ്ടാകാം. എന്നാൽ ഇത്തരം ഇടപെടലുകളുടെ സ്നേഹത്തിന്റെ ആഴം ഉൾക്കൊണ്ട് വളർന്നവരും ധാരാളം. മിണ്ടാതെയിരുന്നും ഒഴിഞ്ഞുമാറിയും മിടുക്കുതെളിയിക്കു എന്നതായിരുന്നില്ല തിരുമേനിയുടെ പ്രവർത്തശൈലി. ഇടപെട്ടും തിരുത്തിയും തീരുമാനങ്ങൾ ഉണ്ടാക്കിയും മുന്നേറുക എന്നതായിരുന്നു അത്താനാസ്യോസ് ടെക്സ്റ്റ്. ഗുജറാത്തിലും മഹാരാഷ്ട്രയിലും രാജസ്ഥാനിലും ചിതറിപ്പാർത്തിരുന്ന മലങ്കരസഭാ മക്കളെ കൂട്ടിച്ചേർത്ത് സത്യവിശ്വാസത്തിൽ ബലപ്പെടുത്തുവാൻ തിരുമേനി നടത്തിയ ത്യാഗപൂർണ്ണമായ ഇടപെടലുകളും സംഭാവനകളും മലങ്കരസഭയ്ക്ക് ഒരുകാലത്തും വിസ്മരിക്കുവാൻ കഴിയുന്നതല്ല.

തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ വിശേഷണങ്ങൾ നിരവധിയാണ്. നിശ്ചയദാർഢ്യത്തിന്റെ ആൾരൂപമായ ആത്മീയാചാര്യൻ, ദർശനങ്ങളുടെ പൂക്കാലം വിരിയിച്ച ആത്മീയ പിതാവ്, ആത്മബോധത്തിന്റെ സഹയാത്രികൻ, വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നുള്ള ആർഷഭാരത ചിന്തയുടെ പ്രചാരകനും പ്രവാചകനും എന്നിങ്ങനെ നീളുന്നു ആ വിശേഷണങ്ങൾ. സ്വാർത്ഥതയ്ക്കായി വളച്ചൊടിക്കുവാൻ തിരുമേനിയെ ലഭിക്കാത്തതിന്റെ പേരിൽ മുറുമുറുക്കുന്നവരെ മാറ്റിനിർത്തിയാൽ മലങ്കരസഭാമക്കളുടെ മനസ്സിൽ നിറയുന്ന ആത്മീയ പൗരുഷമാണ് തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത.



# ഭാരതീയ സംസ്ക്കാരത്തെ പ്രോജ്ജ്വലിപ്പിച്ച പിതാവ്

ഫാ. ഡോ. നൈനാൻ വി.ജോർജ് (വൈദീകസംഘം സെക്രട്ടറി)

നാം ചിന്തകൾ വിതയ്ക്കുന്നു; പ്രവർത്തികൾ കൊയ്യുന്നു. പ്രവർത്തികൾ ശീലങ്ങൾക്ക് ജന്മം നല്കുന്നു. ശീലങ്ങളിൽ നിന്ന് പെരുമാറ്റ ശൈലി ജനിക്കുന്നു. ഈ ജീവിതശൈലി നമ്മുടെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്നു. കേവലം ചിന്തകളിൽ ആരംഭിക്കുന്ന പ്രക്രിയ വ്യക്തികളുടെയും രാഷ്ട്രത്തിന്റയും സഭയുടെയും ഭാഗധേയം നിർണ്ണയിക്കും. ഈ ആശയമാണ് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഭാഗ്യ സ്മരണാർഹനായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ചിന്തകളിലും പ്രവർത്തിയിലും മുന്നിട്ട് നിന്നിരുന്നത്. ഞാനുൾപ്പടെ അനേകർ തിരുമേനിയുടെ മാസ്മരിക വ്യക്തിത്വത്തിലേക്ക് ആകർഷിക്കപ്പെട്ടത് അദ്ദേഹത്തിന്റെ ഈ ദർശനം മൂലമാണ്. ഓരോ വ്യക്തിയെയും സൂക്ഷ്മമായി നിരീക്ഷിച്ച് അവരുടെ കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിച്ച് സമൂഹത്തിന്റെയും സഭയുടെയും നന്മയ്ക്കായി പ്രയോജനപ്പെടുത്തിയിട്ടുള്ളവർ ധിഷണാശാലിയായ തിരുമേനിയെപ്പോലെ അധികം ആരും ഇല്ല. തന്നേക്കാൾ അധികം തന്റെ കൂടെ പ്രവർത്തിക്കുന്നവർ വളരണം എന്ന അദമ്യമായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. വ്യക്തിപരമായി എനിക്കും ഗുജറാത്തിലെ ബറോഡായിൽ പോയി പഠിക്കുവാൻ അവസരം ഉണ്ടായതിലും

ഇന്ത്യക്ക് പുറത്ത് പോയി വൈദിക ശുശ്രൂഷ അനുഷ്ഠിക്കുവാനും പഠിക്കുവാനും ആവശ്യമായ പിന്തുണ നല്കിയതിലും അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയുടെ പങ്ക് വളരെ വലുതായിരുന്നു. ഭാരതീയ സംസ്ക്കാരത്തെ പൂർണ്ണമായി ഉൾക്കൊണ്ട ഒരു പിതാവ് എന്ന നിലയിൽ അദ്ദേഹത്തെ നോക്കി കാണുവാൻ ഞാൻ ഇത്തരുണത്തിൽ ആഗ്രഹിക്കുന്നു. പരിശുദ്ധ സഭയുടെ വിശ്വാസത്തിന് അല്പം പോലും കോട്ടം വരാതെ അവയെ ഭാരതത്തിന്റെ സംസ്കാരവും തനിമയുമായി യോജിപ്പിച്ച് വിശദീകരിക്കുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഭാരതത്തിലെ ഹൈന്ദവ സഹോദരങ്ങൾ ദീപാവലി ആലോഷിക്കുമ്പോൾ അതിനോട് പങ്കുചേർന്ന് ബഥേൽ അരമനയിലും ദീപം തെളിയിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 'ദൈവം വെളിച്ചമാകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല' (1 യോഹ 1:5) എന്ന വാക്യം ചൂണ്ടി കാട്ടിയായിരുന്നു അദ്ദേഹം അതിന് നല്കിയിരുന്ന വിശദീകരണം. ഭാരതീയ സംസ്കാരത്തിന്റെ അടയാളമായ കൊടിമരം നമ്മുടെ ദേവാലയങ്ങളിലെല്ലാം പണിയുമ്പോഴും അതിന് 42 അടി പൊക്കം വേണമെന്നും അതിന് അബ്രഹാം മുതൽ യേശുക്രിസ്തുവരെ 42 തലമുറയാണ് എന്ന വ്യാഖ്യാനവും അദ്ദേഹം നല്കിയിരുന്നു. ഭാരതീയ സംസ്ക്കാരത്തിനനുസൃതമായ ഒരു ദേവാലയ നിർമ്മാണം സാധ്യമാകുവാൻ തക്കവണ്ണം ഒരു പുസ്തകം തന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. ദേവാലയത്തിൽ നിലവിളക്കും തൂക്കുവിളക്കും സ്ഥാപിക്കുവാൻ അദ്ദേഹം എപ്പോഴും ഉത്സുകനായിരുന്നു. ഇപ്രകാരം പ്രവർത്തിക്കുമ്പോഴെല്ലാം ഭാരതത്തിന്റെ സംസ്കാരം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഏക സഭ മലങ്കര ഓർത്തഡോക്സ് സഭയാണെന്നും അതുകൊണ്ട് നമ്മുടെ സഭയാണ് തദ്ദേശീയ സഭയെന്നും മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഇന്ത്യയുടെ ഇപ്പോഴത്തെ പ്രധാനമന്ത്രി നരേന്ദ്രമോദിയെ കാണുവാൻ പോയപ്പോൾ ഒരു വലിയ നിലവിളക്ക് അദ്ദേഹത്തിന് സമ്മാനമായി നല്കി ഭാരതീയ സംസ്കാരം നമ്മുടെ സഭ എപ്രകാരം ഉൾക്കൊള്ളുന്നു എന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്തത് ഓർക്കുന്നു.

മലങ്കര സഭയുടെ കരുത്തുറ്റ മഹിതാചാര്യൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ദീപ്ത സ്മരണയ്ക്കു മുമ്പിൽ ശിരസ്സുനമിക്കുന്നു.അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ അഭയം തേടുന്നു.



# ഓർമ്മകളിൽ ഒളിമങ്ങാത്ത വിളക്കുമാടം

ഫാ. ഡോ. വിവേക് വർഗീസ് (ജനറൽ സെക്രട്ടറി, **MGOCSM**)

ലോകത്തിന്റെ വെളിച്ചമാകാൻ വിളിക്കപ്പെട്ടവർക്ക് തങ്ങളുടെ ജീവിതമാകുന്ന വിളക്ക് അനുനിമിഷം വെളിച്ചം പകർന്നു കൊണ്ടേയിരിക്കണമെന്നത് നിർബന്ധമുള്ള കാര്യമാണ്. കാരണം നാം ക്രിസ്തുവിനെ ജീവിതത്തിന്റെ വെളിച്ചമായി സ്വീകരിക്കുമ്പോളാണ്, വെളിച്ചമാകുവാനും വെളിച്ചത്തിൽ നടക്കുവാനും പഠിക്കുന്നത്. തന്റെ ജീവിതം കൊണ്ട് അനേകർക്ക് വെളിച്ചം പകർന്ന മഹിതാചാര്യനാണ് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കർമ്മമണ്ഡലത്തിലൂടെനീളം അദ്ദേഹം തന്റെ ജീവിതം വെളിച്ചമാക്കുവാൻ ശ്രമിച്ചുവെന്നത് മറക്കാനാവാത്ത യാഥാർഥ്യമാണ്.

വിദ്യാഭ്യാസമെന്നാൽ കേവലം പുസ്ത കങ്ങൾ വായിച്ച് ബിരുദം നേടുന്നതല്ല, മറിച്ചു ജീവിത സാഹചര്യങ്ങളെ ധൈര്യപൂർവം അഭിമുഖീകരിക്കുവാൻ പഠിപ്പിക്കുന്നതാണെന്ന അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയുടെ ദർശനം തന്റെ സ്കൂളുകളിലൂടെ നടപ്പിലാക്കുവാൻ തിരുമേനി ശ്രമിച്ചു. ചരിത്രത്തിൽ സംഭവിച്ച എല്ലാ കണ്ടുപിടുത്തങ്ങളും നാഴികക്കല്ലുകളും വിദ്യാസമ്പന്നരുടെ ഒരു സമൂഹം കാരണമാണെന്നും, വിദ്യാഭ്യാസത്തെ അർഹിക്കുന്ന

ഗൗരവത്തോടെ തങ്ങളുടെ പ്രയാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതു സമൂഹവും അവരുടെ ജീവിതത്തെ കൂടുതൽ മേന്മയുള്ളതാക്കി തീർത്തുവെന്നും, ആയതിനാൽ അവികസിതമായ ഗ്രാമങ്ങളിലും, അപരിഷ്കൃതരായ ആളുകൾ ഉള്ളയിടങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാവണമെന്നും അദ്ദേഹം ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ഓരോ വിദ്യാർത്ഥിയുടെ ജീവിതത്തെ സ്വാധീനിക്കുവാനും അത് വഴി ഒരു ആ കുട്ടിയുടെ ദൈനംദിന സ്വഭാവത്തിന്റെ മാറ്റുകൂട്ടുന്നതിനാവശ്യമായ കാര്യങ്ങൾ തന്റെ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കാൻ അധ്യാപകർ ശ്രമിക്കണമെന്ന് അദ്ദേഹം അധ്യാപകരെ ഓർമ്മപ്പിക്കുമായിരുന്നു.

ഒരു നേതാവ് സ്വന്തം കഴിവുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക മാത്രമല്ല, തന്റെ കൂടെയുള്ളവരെ അവരുടെ കഴിവുകളും അറിവും ഉപയോഗിച്ച് കാര്യപ്രാപ്തി നേടുവാനായി സജ്ജരാക്കുവാനും ശ്രമിക്കും. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് തിരുമേനി തന്റെ കൂടെയുള്ളവരെക്കുറിച്ച് നല്ല സ്വപ്നങ്ങൾ കാണുകയും അവരെ കഴിവും പ്രാപ്തിയുമുള്ളവരാക്കുവാനായി പ്രോത്സാഹനങ്ങളും നല്കിയിരുന്നുവെന്നത് ഏവർക്കും അറിവുള്ളതാണ്. തിരുമേനി ഏൽപ്പിക്കുന്ന ഒരു ജോലി ഉത്തരവാദിത്വത്തോടുകൂടി നാം പൂർത്തീകരിച്ചുവെന്നു അദ്ദേഹത്തെ അറിയിക്കുമ്പോൾ തിരുമേനിയുടെ ഭാഗത്തു നിന്നുണ്ടാകുന്ന ചില ചെറിയ പ്രോത്സാഹന വാക്കുകൾ നൽകുന്ന ഊർജ്ജം വളരെ വലുതായിരുന്നു. നേരെ മറിച്ചും, നമ്മിൽ ഏല്പിക്കപ്പെടുന്ന ചുമതലകളിൽ ഉണ്ടാകുന്ന ചെറിയ വീഴ്ച്ചകൾ പോലും തിരുമേനി ശ്രദ്ധിക്കുകയും ശാസിക്കുകയും ചെയ്യുമായിരുന്നു. തങ്ങൾ നയിക്കുന്നവരുടെ വളർച്ചയെ പരിപോഷിപ്പിക്കുന്നതിലൂടെ, ഒരു നേതാവ് ഏത് വെല്ലുവിളിയെയും അഭിമുഖീകരിക്കാൻ കഴിയുന്ന സുസ്ഥിരവും കർമ്മശേഷിയുള്ളതുമായ ഒരു സംഘത്തെ സൃഷ്ടിക്കുന്നു. അപ്രകാരം ഒരു സമൂഹത്തെ വളർത്തുവാനും അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നു വെന്നതിൽ യാതൊരു സംശയവുമില്ല.

താൻ ജീവിക്കുന്ന സമൂഹത്തെക്കുറിച്ചും, തന്നിൽ ഭരമേല്പിക്കപ്പെട്ട ചുമതലകളെക്കുറിച്ചും അതിന്റെ നിർവഹണത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു മാർ അത്താനാസിയോസ്. തന്റെ ഇടയ ശുശ്രൂഷയെക്കുറിച്ചും വിശ്വാസ സമൂഹത്തിന്റെ ഉന്നമനത്തെക്കുറിച്ചും കൃത്യമായ കാഴപ്പാടുകൾ ഉണ്ടായിരുന്ന അദ്ദേഹം അവയുടെ സമഗ്രമായ ഉന്നമനത്തിനായുള്ള പ്രതിബദ്ധത പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയാനുള്ള കഴിവുമാണ് ധാരാളം വ്യക്തികളുടെ ജീവിതത്തെ സ്പർശിക്കുന്ന നൂതന സംരംഭങ്ങൾ നടപ്പിലാക്കാൻ പ്രേരിപ്പിച്ചത്. ഓരോ കാര്യവും വളരെ സൂഷ്മമായി നീരിക്ഷിച്ചു വ്യക്തമായ ദർശനത്തോടുക്കൂടി അവയെ സമീപിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞുവന്നതാണ് തിരുമേനിയുടെ നേതൃശൈലിയുടെ മാറ്റ് കൂട്ടുന്നത്. ഭദ്രാസനത്തോടൊപ്പം നാടിന്റെ വികസനകാര്യങ്ങളെക്കുറിച്ചും അദ്ദേഹം ശ്രദ്ധിക്കുകയും നേതാക്കന്മാരുമായി ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. വിവിധ കക്ഷി നേതാക്കന്മാരോടുള്ള അഭിവന്ദ്യ തിരുമേനിയുടെ സൗഹൃദവും സ്നേഹവും ഹൃദ്യമായിരുന്നു. നമ്മുടെ പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദിയോടും, മുൻ മുഖ്യമന്ത്രി യശ്ശശരീരനായ ശ്രീ.ഉമ്മൻ ചാണ്ടിയോടും ഒക്കെയുള്ള സ്നേഹബന്ധം തിരുമേനിക്കു വളരെ പ്രിയപ്പെട്ടതായിരുന്നു.

തന്റെ അചഞ്ചലമായ വിശ്വാസത്തിലൂടെയും അർപ്പണബോധത്തിലൂടെയും, തന്റെ സാന്നിധ്യത്താൽ എല്ലാവർക്കും പ്രത്യാശയുടെയും പ്രചോദനത്തിന്റെയും വിളക്കായി അഭിവന്ദ്യ തിരുമേനി മാറി. ഒരു വിളക്കുമാടം പോലെ, കുറെയധികം ജീവിതങ്ങൾക്ക് അദ്ദേഹം വെളിച്ചമേകി. അഭിവന്ദ്യ പിതാവിന്റെ ജീവിതത്തെ നാം ഓർക്കുകയും ആദരിക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നമ്മുടെ യാത്രയിൽ തിരുമേനി തെളിച്ച വെളിച്ചം നമുക്കും മാർഗ്ഗദീപമാകട്ടെ.





# എന്റെ സഭ..... എന്റെ പൊന്നുതിരുമേനി

ഫാ. മത്തായി കുന്നിൽ (അഖില മലങ്കര പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി)

എന്റെ സഭ എന്നത് ഹൃദയമന്ത്രമാക്കുകയും, അതിൽ ഏറെ അഭിമാനിക്കുകയും ചെയ്ത പ്രൗഢ തേജസ്സ്. മലങ്കര സഭയിൽ ശാശ്വത സമാധാനം ഉണ്ടാകണം, മലങ്കര സഭയുടെ യശസ്സ് ഉയരണം, ഈ സഭ ഒന്നായിത്തീരണം എന്ന് എപ്പോഴും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത് അതിനായി ജീവിതാവസാനം വരെ നോമ്പ് അനുഷ്ഠിച്ച പുണ്യ പിതാവായ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അഞ്ചാം ഓർമ്മ പെരുന്നാളിലേക്ക് നാം പ്രവേശിക്കുമ്പോൾ ആ പുണ്യ പിതാവിന്റെ മധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം.

ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ ഇടയൻ, ഇന്ന് കാണുന്ന എല്ലാ വളർച്ചയുടെയും പിന്നിൽ വളരെ കർമ്മ കുശലതയോടും ക്രാന്ത ദർശനത്തോടും, ആത്മീക വൈദിക തലങ്ങളിലും, ഇടവക തലങ്ങളിലും, വിശ്വാസ തലങ്ങളിലും വളരെ ശ്രദ്ധ പുലർത്തി നേരായ പാതയിൽ നയിച്ച്, ഭരിച്ച കർമ്മയോഗി.

'കാതോലിക്കേറ്റ് രത്നദീപം' പുത്തൻകാവിൽ കൊച്ചുതിരുമേനിയെപ്പോലെ മനോഹരമായ ആരാധനാ ശബ്ദം- കാട്ടിക്കൂട്ടുകയല്ല പിന്നെയോ ദൈവത്തിന്റെ ബലിപീഠത്തിന്റെ നിർമ്മലമായ കാഴ്ച ആത്മാർഥതയോടെ അർപ്പിച്ചശ്രേഷ്ഠ പിതാവ്, കാലം ചെയ്യുന്നതിന് ചില വർഷങ്ങൾക്ക് മുൻപ് ബഥേൽ അരമനപ്പള്ളിയിൽ പെന്തിക്കോസ്തി ശുശ്രൂഷയിൽ മുഖ്യ കാർമികത്വം വഹിക്കുന്നു. ഞാൻ വളരെ ഭയത്തോടെ ചോദിച്ചു: 'തിരുമേനി , പഴയ നിയമം, ശ്ലീഹാ എന്നിവ മുഴുവൻ ചെല്ലണമോ?'. എന്നോടുള്ള മറുപടി ' അടുത്ത പ്രാവശ്യം ഈ ശുശ്രൂഷ ചെയ്യുവാൻ അവസരം ലഭിച്ചില്ലെങ്കിലോ'. ലഭിക്കുന്ന അവസരം ദൈവസന്നിധിയിൽ അർപ്പിക്കുന്ന ശുശ്രൂഷ അത് പരിപൂർണ്ണതയോടു കൂടി ആകണം എന്ന് പഠിപ്പിച്ച ശ്രേഷ്ഠ ഗുരു.

എടുത്തു പറയത്തക്ക യോഗ്യതകൾ ഒന്നും ഇല്ലാതിരുന്ന എന്നെ ഇന്നു കാണുന്ന എല്ലാ അനുഗ്രഹത്തിനും നന്മയ്ക്കും ഇടയാക്കി തീർത്തത് എന്റെ ദൈവം കഴിഞ്ഞാൽ എന്റെ പൊന്നു തിരുമേനി ആണ്. നെല്ലിമല - പുല്ലാട് മുതൽ –മെഴുവേലി വരെയുള്ള ഇടവക ശുശ്രൂഷയിൽ ചെറിയ കാര്യങ്ങൾപോലും ശ്രദ്ധയിൽപ്പെടുമ്പോൾ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള ആ പുണ്യ പിതാവിന്റെ പ്രാർത്ഥന എപ്പോഴും എന്റെ ശുശ്രൂഷകളോടും എന്റെ കുടുംബത്തോടും ഉണ്ട് എന്ന് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ആ മധ്യസ്ഥതയിൽ അഭയപ്പെടുന്നു.



# അമരണവാനായ മാർ അത്താനാസിയോസ്

ഫാ. പി.കെ. കോശി (ഭദ്രാസന സെക്രട്ടറി)

ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ എന്ന നിലയിൽ ആ സ്ഥാനത്തിന്റെ മഹിമയും മഹത്വവും അത്യധികമായി ഉയർത്തിപ്പിടിച്ച ഒരു പിതാവായിരുന്നു ഭാഗ്യസ്മരണാർഹനായ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ.

വാക്കിലും പ്രവർത്തിയിലും ജിവിതത്തിലും നിശ്ചയദാർഢ്യവും, ചിട്ടയായ ക്രമീകരണങ്ങളും നിലനിർത്തുകയും മറ്റുള്ളവരും അപ്രകാരം തന്നെ ചിട്ടയായ ജീവിതം നയിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്ത പിതാവ്. ശിഷ്യൻ ഗുരുവിനു മീതെയല്ല ഗുരുവിനെ പോലെയാകണം എന്ന കർത്തൃവചനം ഊന്നി പിടിച്ചു എങ്കിലും തന്നെക്കാൾ ശ്രേഷ്ഠരായ ശിഷ്യസമൂഹം ഉണ്ടായെങ്കിൽ മാത്രം സഭയ്ക്കും സമൂഹത്തിനും

ഉന്നമനം ഉണ്ടാകൂ എന്ന് ശഠിച്ച പിതാവ്.

പുത്തൻകാവ് ഹൈസ്കൂൾ അദ്ധ്യാപനം ഭാരതത്തിന്റെ വടക്കൻ മേഖലയിലുള്ള വിദ്യാഭ്യാസ വളർച്ചക്കും ആത്മീക പരിപോഷണത്തിനും മുഖാന്തിരമാക്കിയ ശ്രേഷ്ഠാചാര്യൻ. വിദ്യാ സമ്പന്നരായ തലമുറയെ വാർത്തെടുക്കാൻ ആഗ്രഹിക്കുകയും ആത്മികമേഖലയിലും ഭൗതികമേഖലയിലും കർമോത്സുകരായ യുവസമൂഹത്തെ സജ്ജമാക്കിയ ശ്രേഷ്ഠാചാര്യൻ.

ബറോഡാ കേന്ദ്രമാക്കിയിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനം സഭയുടെ വളർച്ചയ്ക്ക് മാത്രമല്ല അനേകം വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും അനേകം ദേവാലയങ്ങൾ സ്ഥാപിക്കുവാനും അധികമായി ആരാധന അർപ്പിക്കുവാനും ഇടയാക്കിയെങ്കിൽ ഇന്ന് ആ പ്രദേശം മുഴുവൻ തന്നെ. അഹമ്മദാബാദ് എന്ന മെത്രാസനം സഭയ്ക്ക് രൂപീകരിക്കാൻ കഴിഞ്ഞതും അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും ക്രാന്തദർശിത്വവുമാണ്.

പൗരോഹിത്യ പാരമ്പര്യവും പൗരാണികതയും നിലനിന്ന കിഴക്കേത്തലയ്ക്കൽ കുടുംബത്തിലെ പിതാമഹനായ തോമാ കത്തനാരുടെ ചൊവ്വുള്ള കാലടികളും, പിതൃസഹോദരനും കാതോലിക്കേറ്റ് ദീപവുമായ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് പിതാവിന്റെ ജീവിതദർശനവും കാതോലിക്കേറ്റിനെക്കുറിച്ചും മലങ്കര സഭയെ കുറിച്ചുമുള്ള ദീർഘവീക്ഷണവും സ്വാംശീകരിച്ച മഹിതാചാര്യൻ.

'അമരണവാൻ' എന്നർത്ഥമുള്ള അത്താനാസിയോസ് എന്ന നാമധേയത്തിൽ വാണരുളിയ പിതാവ്. ഭൗതികനായി വേർപെട്ടുവെങ്കിലും ഹൃദയങ്ങളിൽ നിന്നും വേർപെടാതെ ഇന്നും ജീവിക്കുന്ന അത്താനാസിയോസ് പിതാവിന് ആയിരമായിരം ശ്രദ്ധാഞ്ജലി.



# മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരെന്ന് കരുതിയ പിതാവ്

**ഫാ. കെ.പി. വർഗ്ഗീസ് (മാവേലിക്കര ഭദ്രാസന കൗൺസിൽ അംഗം)**

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനിക്കൊപ്പം 7 വർഷക്കാലം ഒരു പ്രീസെമിനാരി വിദ്യാർത്ഥിയായി ഓതറ ദയറാ, ബഥേൽ അരമന, ബറോഡ, തിരുവല്ല എം.ജി.എം. സ്കൂൾ ബോർഡിംഗ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്.

ബറോഡയിൽ ഒരിക്കൽ തിരുമേനി വന്നപ്പോൾ, ഒരു ദിവസം വൈകുന്നേരത്തെ ഭക്ഷണം തിരുമേനിയുടെ സഹോദരിയുടെ ഭവനത്തിലായിരുന്നു. അവിടെ എത്തി കൗമാ നമസ്ക്കരിച്ച ശേഷം പെട്ടെന്ന് എന്നോട് വാചാപ്രാർത്ഥന നടത്തുവാൻ പറഞ്ഞു. എന്റെ പ്രാർത്ഥനായോഗത്തിലൊക്കെ പ്രാർത്ഥിച്ചിട്ടുള്ള പരിചയത്തിൽ ഞാൻ പ്രാർത്ഥിച്ചു. പ്രാർത്ഥന പൂർത്തീകരിച്ച് തിരുമേനി ആശീർവാദവും നടത്തിയ ശേഷം എന്നെ കെട്ടിപ്പിടിച്ചു കൊണ്ട്, ഇവൻ മിടുക്കനാണ്, അച്ചാ ഫൈൻ, വെരി ഗുഡ് (തിരുമേനിയുടെ സ്ഥിരം ശൈലി) എന്ന് അവിടെ ഉണ്ടായിരുന്നവരെല്ലാം കേൾക്കെ അഭിനന്ദിച്ചത് ഇന്നും സന്തോഷത്തോടെ ഓർക്കുന്നു. എന്നാൽ ഞങ്ങൾ രണ്ടുപേരും കൂടി കാറിൽ ക്വാർട്ടേഴ്സിലേക്ക് മടങ്ങിവരുമ്പോൾ പ്രാർത്ഥന കുറച്ചുകൂടി ഭംഗിയാക്കാൻ ചില നിർ ദ്ദേശങ്ങളും തിരുമേനി നൽകി.

മറ്റൊരിക്കൽ ബറോഡയിൽ നിന്നും ഏകദേശം നാല്പത് കിലോമീറ്ററോളം അകലെയുള്ള ഹലോൾ എം.ജി.എം. സ്കൂളിൽ നിന്നും ട്രസ്റ്റ് സംബന്ധമായ കണക്കുകൾ പൂർത്തീകരിച്ച് കുറച്ച് പൈസ അവിടെ നിന്നും വാങ്ങി കൊണ്ടുവരുവാൻ എന്നെ അയച്ചു. ബസ്സിലായിരുന്നു യാത്ര. മടങ്ങിവരുമ്പോൾ ഹൈവേയിൽ ഒരു അപകടം ഉണ്ടായി വാഹന ഗതാഗതം തടസ്സപ്പെട്ടു. കുറെ സമയം ആയിട്ടും വാഹന ഗതാഗതം പുന:സ്ഥാപിക്കപ്പെടാതെ ഞാൻ കയറിയ ബസ്സും ബ്ളോക്കിൽ കുടുങ്ങി. മൊബൈൽ ഫോണുകൾപ്രചാരത്തിലായിട്ടില്ലാത്ത കാലം. ഞാനിരുന്ന ബസ്സ് കിടക്കുന്നതിന്റെ സൈഡിൽ ഒരു പബ്ലിക്ക് ടെലിഫോൺ ബൂത്ത് കണ്ടു. എന്റെ കൈയ്യിലുണ്ടായിരുന്ന ബാഗുമായി ഞാനിറങ്ങി

അവിടെ നിന്നും ബറോഡ റിഫൈനറി സ്കൂൾ ഓഫിസിലേക്ക് വിളിച്ചു. തിരുമേനി ഓഫിസിൽ ഇരിപ്പുണ്ടെന്ന് അറിയാതെയാണ് ഞാൻ വിളിച്ചത്. ഫോൺ എടുത്തത് തിരുമേനി. ഹലോ പറച്ചിൽ കേട്ടപ്പോഴേ തിരുമേനിയാണെന്ന് മനസ്സിലായി. ഞാൻ വിവരം പറഞ്ഞു. നീ പേടിക്കേണ്ട സൂക്ഷിച്ച് പോര് എന്നു പറഞ്ഞു ഫോൺ വച്ചു. റോഡിലെ ബ്ലോക്ക് മാറി ഞാൻ ക്വാർട്ടേഴ്സിൽ എത്തുമ്പൊഴേക്കും രാത്രിയായി. ഞാൻ താമസിക്കുന്ന കാരണം വിളിച്ച് പറഞ്ഞത് തിരുമേനിക്ക് വളരെ സന്തോഷമായി. അദ്ധ്യാപകരോടും, ഓഫിസ് സ്റ്റാഫിനോടുമെല്ലാം പറഞ്ഞു 'മേലധികാരികൾ ഒരു കാര്യം ഏൽപ്പിച്ചാൽ കൃത്യതയോടെ അവർക്ക് റിപ്പോർട്ട് നൽകണം എന്ന് ഷാജിയെ നോക്കി പഠിക്ക്' എന്ന്. ചുരുക്കത്തിൽ മറ്റുള്ളവരിലെ നന്മകളെയും, കഴിവുകളെയും അംഗീകരിക്കുവാനും പ്രോൽസാഹിപ്പിക്കുവാനും ഒരിക്കലും മടികാണിക്കാത്ത നല്ല ഇടയനായിരുന്ന അഭിവന്ദ്യ പിതാവിന്റെ ഓർമ്മകൾക്ക് മുമ്പിൽ പ്രാർത്ഥനകളോടെ.



# വിദ്യാഭ്യാസ മേഖലയിലെ ദീപം

**ഫാ. മനു വർഗ്ഗീസ് ജേക്കബ് ഹലോൾ**

വിദ്യാഭ്യാസ മേഖലയിൽ വളരെയധികം സംഭാവനകൾ നൽകിയ മഹത്‌വ്യക്തിത്വമാണല്ലോ അഭിവന്ദ്യനായ തിരുമേനി. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തോടു കൂടി തിരുമേനി പ്രവർത്തിച്ചു. വൈദീകർ എത്രയും പഠിക്കാമോ അത്രയും വളർച്ച സഭയ്ക്കാണ് ഉണ്ടാകുന്നതെന്ന് തിരുമേനി വിശ്വസിക്കുകയും അതിൻപ്രകാരം പ്രവർത്തിക്കുകയും ചെയ്തിരുന്നു. വ്യക്തിപരമായി ഈ ലേഖകനും തിരുമേനിയുടെ പ്രോത്സാഹനത്തോടുകൂടി മുമ്പോട്ട് കൂടുതൽ പഠിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചു.

1960കളിൽ ബറോഡയിൽ എം.എസ്സ്. യൂണിവേഴ്സിറ്റിയിൽ പഠിക്കുവാനെത്തിയ തിരുമനസ്സ് ഗുജറാത്തിന്റെ ഉൾഗ്രാമങ്ങളിൽ തന്റെ പഠനശേഷം സ്കൂളുകൾ സ്ഥാപിച്ചു. അതിലൂടെ അനേകർക്ക് ജീവിതത്തിൽ കയറ്റം ഉണ്ടായി. ഇന്നും അത് തുടർന്നു കൊണ്ടിരിക്കുന്നു. കുട്ടികളുടെ ഭാവിയാണ് തിരുമേനിക്ക് പ്രധാനം.

അദ്ധ്യാപകരോടുള്ള ഉപദേശത്തിൽ മറ്റുള്ളവരുടെ കുട്ടികളുടെ ഉയർച്ചയിൽ ശ്രദ്ധ ചെലുത്തിയാൽ നിങ്ങളുടെ കുട്ടികളുടെ ഉയർച്ച ദൈവം ശ്രദ്ധിച്ചു കൊള്ളും എന്ന് പറഞ്ഞിരുന്നു.

ഈ ലേഖകനും ഒരു സ്കൂളിന്റെ ചുമതല തന്നപ്പോൾ സ്കൂളിലെ കുട്ടികളുടെ എല്ലാം ഭാവി എന്റെ കൈയ്യിൽ ആണിരിക്കുന്നത് എന്ന് ഓർമ്മിപ്പിച്ചിരുന്നു. സ്കൂൾ ആരംഭിക്കുന്ന ജൂൺ മാസത്തിൽ എല്ലാ വർഷവും പത്താംക്ലാസ്സിലെ കുട്ടികൾക്ക് ഒരു ഓറിയന്റേഷൻ തിരുമനസ്സ് നൽകിയിരുന്നു. അവർ ആദ്യമായി ബോർഡ് എക്സാമിനേഷൻ എഴുതുന്നത് കൊണ്ടാണ് അത്. ജീവിതത്തിന്റെ ആദ്യത്തെ 25 വർഷം കഠിനാധ്വാനം ചെയ്താൽ ഭാവിയിൽ അത് പ്രയോജനപ്പെടും എന്ന് തിരുമേനി അവരോട് പറഞ്ഞിരുന്നു.

പഠനം മാത്രമല്ല കലാകായിക മേഖലയിലും കുട്ടികൾ ഉയർന്നുവരണം എന്ന ഉദ്ദേശത്തോടുകൂടി അതിനുള്ള സജ്ജീകരണങ്ങളും തിരുമനസ്സ് ചെയ്തിരുന്നു.

കുട്ടികൾ സാമൂഹിക പ്രതിബദ്ധത ഉള്ളവരാകണം എന്ന ഉദ്ദേശത്തോടുകൂടി ബോധവത്ക്കരണവും അതോടൊപ്പം പ്രവർത്തനങ്ങളും നടത്തിയിരുന്നു. മരം വച്ചുപിടിപ്പിക്കുന്നതും, സ്കൂളും പരിസരവും പ്ലാസ്റ്റിക് മുക്തം എന്ന് ബോർഡ് എഴുതിവയ്ക്കുന്നതും അത് പാലിക്കുന്നതും അവയിൽ ചിലതുമാത്രം. ഒരു പ്രാവശ്യം. ഒക്ടോബർ 02 ഗാന്ധിജയന്തി ദിനത്തിൽ ഹലോൾ ബസ് സ്റ്റാൻഡ് വൃത്തിയാക്കുന്നതിൽ തിരുമനസ്സ് അദ്ധ്യാപകരേടും കുട്ടികളോടുമൊപ്പം നേതൃത്വം നൽകി.

തിരുമനസ്സ് നല്ല ഒരു ഭരണാധികാരിയായിരുന്നതുകൊണ്ട് വളരെ അടുക്കും ചിട്ടയും എല്ലാക്കാര്യത്തിനും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ പണിത സ്കൂളുകളൊക്കെ നല്ല മനോഹരമാണ്. അതുപോലെ ക്യാമ്പസിലെ മരങ്ങൾ, ചെടികൾ എന്നിവ നടുന്നതിലും അങ്ങനെയൊരു ചിട്ട ഉണ്ടായിരുന്നു.

തന്നേക്കാൾ കൂടുതൽ തന്റെ അടുത്ത തലമുറ വളരണം എന്ന ഒരു വിശാലമനസ്ഥിതിയാണ് തിരുമനസ്സിനുണ്ടായിരുന്നത്. അനേകം ആളുകളെ തിരുമനസ്സ് ഗുജറാത്തിലും മറ്റ് സ്ഥലങ്ങളിലുമൊക്കെ കൊണ്ട് വന്ന് അവരുടെ വളർച്ച കണ്ട് തിരുമനസ്സ് സന്തോഷിച്ചിരുന്നു.

തിരുമനസ്സ് കാണിച്ചു തന്ന വിദ്യയുടെ വെളിച്ചത്തിന്റെ പാതയിൽ മുന്നേറുവാൻ അദ്ദേഹത്തിന്റെ പാത നമുക്ക് പ്രചോദനമാകട്ടെ.



# സൂക്ഷ്മദർശിയായ കാര്യവിചാരകൻ

പ്രൊഫ. മേരി മാത്യു (ജനറൽ സെക്രട്ടറി, MMVS)

തോമസ് മാർ അത്താനാസിയോസ് തിരുമേനിയെ അനുസ്മരിക്കുന്നത്. അത്യധികം ആദരവോടും കൃതജ്ഞതയോടുമാണ്. തികഞ്ഞ വിശ്വാസസംരക്ഷകനായിരുന്നതുകൊണ്ട് നാനാതുറകളിലുള്ളവരുമായി വ്യക്തിബന്ധം സ്ഥാപിച്ചും പ്രകൃതിയെ പരിപാലിച്ചും ഗൃഹവിചാരകത്വത്തിൽ വിശ്വസ്തത പുലർത്തി.

ഓർത്തഡോക്സ് പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ ഇച്ഛാശക്തിയോടും നിശ്ചയദാർഢ്യത്തോടും ഉത്തമബോധ്യത്തോടും യത്നിച്ചു. പരിശുദ്ധ സഭയുടെ ശോഭ ഉദ്ദീപ്തമാക്കുവാൻ സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസവും ആരാധനയും കണ്ണിലെ കൃഷ്ണമണി പോലെ സൂക്ഷിക്കുന്നതിൽ വിജയിച്ചു.

സഭാമക്കളുടെ താലന്തുകൾ മനസ്സിലാക്കി അവരെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിച്ച് പ്രവർത്തന താല്പര്യമുള്ളവരുടെ അഭിരുചികൾ വളർത്തുവാനും വിജയങ്ങളിൽ അഭിനന്ദിക്കുവാനും ഉത്സുകത പുലർത്തി.

വിദ്യാഭ്യാസത്തിന്റെ അനിവാര്യതയും ശ്രേഷ്ഠതയും അഭിവന്ദ്യ തിരുമേനി അത്യധികം ഉൾക്കൊണ്ടിരുന്നു. കാലത്തിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് മാറ്റങ്ങൾ സ്വീകരിക്കുവാനും എന്നാൽ അടിസ്ഥാന തത്വങ്ങളിൽ നിന്ന് വ്യതിചലിക്കാതിരിക്കുവാനും ക്രാന്തദർശിത്വം സൂക്ഷിച്ചു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ധാരാളം വിദ്യാലയങ്ങളും ആരാധനാലയങ്ങളും സ്ഥാപിച്ചു. വിദ്യാർത്ഥികളെ മൂല്യബോധമുള്ളവരാക്കുവാനും അവരിൽ ലീനമായ നൈസർഗ്ഗിക വാസനകളെ പ്രോത്സാഹിപ്പിക്കുവാനും തിരുമേനി ബദ്ധപ്പെട്ടു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുണ്ടായിരുന്ന പല വിദ്യാർത്ഥികളെയും വളർത്തി ഉന്നതശ്രേണിയിലെത്തിച്ചു. പിതൃസഹജമായ നിർദ്ദേശങ്ങൾമൂലം അനേകം വിദ്യാർത്ഥികളിൽ നന്മയുടെ പാതയിൽ സഞ്ചരിച്ചു.

മർത്ത്മറിയം വനിതാസമാജത്തിന്റെ ചെങ്ങന്നൂരിൽ നടന്ന വാർഷികസമ്മേളനത്തിന് അഭിവന്ദ്യ തിരുമേനി നൽകിയ അനുഗ്രഹാശിസ്സുകൾ നന്ദിയോടെ സ്മരിക്കുന്നു. കോൺഫ്രറൻസിന്റെ നടത്തിപ്പിനുള്ള ചർച്ചകളിൽ അഭിവന്ദ്യ തിരുമേനി വനിതകൾക്കു നൽകിയ പ്രവർത്തന സ്വാതന്ത്ര്യവും നന്ദിയോടെ ഓർക്കുന്നു. വനിതകൾ മുഖ്യധാരയിലേക്ക് വരുവാൻ എപ്പോഴും പ്രചോദനമേകിയിരുന്നു. സമാജം നവതി ഉദ്ഘാടനം ബറോഡയിൽ വച്ചു നടത്തുവാൻ ആശയം നൽകിയതും അഭിവന്ദ്യ തിരുമേനിയായിരുന്നു. ഭംഗിയായി നേതൃത്വപരിശീലനം പൂർത്തീകരിച്ചപ്പോൾ നൽകിയ സ്നേഹോഷ്മളമായ അനുഗ്രഹങ്ങൾ സമാജാംഗങ്ങൾ എന്നും ഓർക്കും. ബറോഡയിൽ നിന്നുള്ള മടക്കയാത്രയ്ക്ക് റെയിൽവേ സ്റ്റേഷനിൽ എത്തിയ പെൺമക്കൾക്ക് കൃഷി ഇടങ്ങളിൽ നിന്ന് കരുതിയ വിഭവങ്ങൾ നൽകി അഭിവന്ദ്യ തിരുമേനി പങ്കിട്ട പിതൃസഹജമായ കരുതലും വാത്സല്യവും ഏകിയ ഓർമ്മ ഏവരും സൂക്ഷിക്കുന്നു.

വനിതകൾ പൊതുവേദിയിൽ പ്രവർത്തിക്കണമെന്നും നല്ല ക്ലാസ്സുകൾ എടുക്കണമെന്നും നിർബന്ധിച്ചിരുന്നു. ക്ലാസ്സുകൾ പൂർണ്ണമായ ശ്രദ്ധിച്ചും വിമർശനബുദ്ധ്യാ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി. നൂതനമായ ആശയങ്ങളും കർമ്മ പദ്ധതികളും ഓരോ പ്രസ്ഥാനത്തിനുമുണ്ടായിരിക്കണമെന്ന് നിർബന്ധിച്ചിരുന്നു. എന്നും പ്രോത്സാഹിപ്പിച്ചിരുന്നതിനാൽ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ വിവിധ പദ്ധതികളും വളരെ അർത്ഥവത്തായി തീർന്നു.

ഉത്തമ ആചാര്യശ്രേഷ്ഠൻ, മാർഗ്ഗനിർദ്ദേശകൻ, വിദ്യാഭ്യാസ വിചക്ഷണകൻ, പ്രകൃതിസ്നേഹി, കൃത്യനിഷ്ഠയോടെ ദൃഢവും ചടുലവുമായ തീരുമാനങ്ങൾ

പ്രാവർത്തികമാക്കുന്ന ഭരണാധികാരി. ചെറിയ കാര്യങ്ങൾ അതീവ ഗൗരവത്തോടും ആത്മാർത്ഥതയോടും ക്രിയാത്മകമാക്കുന്നതിൽ അനേകരിലേക്ക് ചുമതലകൾ വിന്യസിച്ച സംഘാടകൻ എന്നിങ്ങനെ എത്ര ധന്യതകൾ അഭിവന്ദ്യ തിരുമേനി പരിപാലിച്ചിരുന്നു.

ബഥേൽ അരമനയുടെ വരാന്തയിൽ കസേരയിലിരുന്ന് വ്യത്യസ്തമായ ശബ്ദത്തോടും ചെറുപുഞ്ചിരിയോടും കടന്നുവരുന്നവരെ പേരുചൊല്ലി വിളിക്കുന്ന, കുടുംബാംഗങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന വനിതകളുടെ ഉത്തരവാദിത്ത ബാഹുല്യതകളിൽ ആശ്വസിപ്പിക്കുന്ന, തളരാതെ കർമ്മോത്സുകരാകുവാൻ പ്രേരിപ്പിക്കുന്ന അഭിവന്ദ്യ തിരുമേനിയെ വിസ്മരിക്കുവാൻ സാധിക്കുകയില്ല. നന്ദിയോടെ സ്മരണാഞ്ജലികൾ സമർപ്പിക്കുന്നു.



# നന്മകൾ നിറഞ്ഞ മഹിതാചാര്യൻ

അഡ്വ. തോമസ് ഫിലിപ്പ് (മുൻ കേരള പി.എസ്.സി. അംഗം)

ഭാരതത്തിലെ ക്രൈസ്തവ മേലദ്ധ്യക്ഷന്മാരുടെ നിരയിൽ എന്നും ഓർക്കപ്പെടേണ്ട ഒരു സ്ഥാനം സൃഷ്ടിച്ച് നമ്മളിൽ നിന്നും വിടവാങ്ങിയ ഒരു മഹാവ്യക്തിത്വമാണ് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി. ജന്മംകൊണ്ടും കർമ്മംകൊണ്ടും മഹാനായി മാറിയ തിരുമേനിയുടെ ജീവിതം അനേകർക്ക് പ്രചോദനം പകർന്നു തന്നിരുന്നു. അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവും സാഹായവും അർഹിക്കുന്നതിൽ അപ്പുറം ലഭിച്ച ഒരു വ്യക്തിയാണ് ഞാൻ.

മലങ്കരസഭയുടെ മാനേജിംഗ് കമ്മറ്റി അംഗമായും കോർപ്പറേറ്റ് സ്കൂളുകളുടെ ബോർഡ് അംഗമായും തിരുമേനിയോടൊപ്പം ചേർന്ന് പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. കൂടെ നിൽക്കുന്നവർക്ക് പ്രചോദനം നൽകി കർമ്മോത്സലരാക്കുന്ന, നൂതന ആശയങ്ങൾ പങ്കുവെയ്ക്കുന്ന ഒരു പ്രവർത്തനശൈലി തിരുമേനിക്ക് ഉണ്ടായിരുന്നു. നല്ലത് എന്ന് തിരുമേനിക്ക് ബോദ്ധ്യമായ കാര്യം ആരും ചെയ്താലും എവിടെ വെച്ചും ഏതു വേദിയിലും ഉറക്കെ പറയുവാനും അഭിനന്ദിക്കുവാനും തിരുമേനി മടികാണിച്ചില്ല. ഓരോ വ്യക്തിയുടെ കഴിവുകൾ കണ്ടെത്താനും അവരുടെ നല്ല പ്രവർത്തിക്ക് അംഗീകാരവും പ്രോത്സാഹനവും നല്കുവാൻ തിരുമേനി ശ്രദ്ധിച്ചിരുന്നു.

തിരുമേനി സ്കൂളുകളുടെ മാനോജരായിരുന്നപ്പോൾ പുതിയ സ്കൂളുകൾ വാങ്ങുന്നതിനും ആധുനിക സൗകര്യങ്ങളോട് കെട്ടിടങ്ങൾ പണിയുന്നതിനും ക്ലാസ്സ് മുറികളിൽ ഫാൻ ഉൾപ്പെടെ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ശ്രമിച്ചു. ചെങ്ങന്നൂർ ഭദ്രാസന അതിർത്തിയിൽ തന്നെ പുത്തൻകാവിൽ ഹയർ സെക്കൻണ്ടറി സ്കൂളിൽ ക്ലാസ്സുകൾ ആരംഭിച്ചതും, കോടുകുളഞ്ഞിയിൽ ജെ.എം.എച്ച്.എസ്. സ്കൂൾ, വെൺമണി എൽ.എം.എച്ച്. എസ് കൊഴുവല്ലൂരിലെ സെന്റ് ജോർജ്ജ് സ്കൂൾ മുതലായവ തിരുമേനിയുടെ ഉത്സാഹത്തിൽ ഉണ്ടായിട്ടുള്ളതാണ്. ഒരു വലിയ വിദ്യാഭ്യാസ വിചക്ഷണനായ തിരുമേനി അദ്ധ്യാപകരോട് നല്കിയ ഉപദേശം ഇതാണ്. നിങ്ങളുടെ മുൻപിലുള്ള കുഞ്ഞുങ്ങൾ നിങ്ങളുടെ സ്വന്തം കുഞ്ഞുങ്ങളാണ് എന്ന ബോധം വേണം. അതില്ലാതെ വരുമ്പോൾ അദ്ധ്യാപക ജോലി നിർത്തണം. ഗുണമേന്മയും മൂല്യങ്ങൾ ഉയർത്തുന്ന വിദ്യാഭ്യാസ പ്രക്രിയയും സൃഷ്ടിക്കുന്നതിൽ തിരുമേനി ജാഗ്രത കാണിച്ചിരുന്നു.

സമൂഹത്തിലെ എല്ലാതലത്തിലുമുള്ളവരോടും സ്നേഹത്തോടും ബഹുമാനത്തോടും തിരുമേനി ഇടപെട്ടു. ഉന്നതരാഷ്ട്രീയ സാമൂഹ്യമതനേതാക്കളുമായി തിരുമേനി നിരന്തരം ബന്ധപ്പെട്ടിരുന്നു ജനാധിപത്യവും മതേതരത്വവും എന്നീ തത്വങ്ങളിൽ ജാഗ്രതയും, അഴിമതി രഹിതവും നീതിയും വികസനവും ഉണ്ടാകണമെന്ന് തിരുമേനിക്ക് നിർബന്ധം ഉണ്ടായിരുന്നു.

സഭയുടെയും ഭദ്രാസനത്തിലെ ചില പള്ളികളിലേയും, സ്കൂളുകളുമായി ബന്ധപ്പെട്ട കേസുകൾ നടത്തുന്നതിന് തിരുമേനി പലപ്പോഴും എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പത്രികകളും രേഖകളും അർദ്ധരാത്രി കഴിഞ്ഞും അദ്ദേഹത്തോ ടൊപ്പം ഇരുന്നു വായിച്ച് സംശയം നീക്കി വന്നിട്ടുണ്ട്. എല്ലാം പൂർണ്ണമായും ബോദ്ധ്യപ്പെട്ടാൽ മാത്രമേ തിരുമേനി ഒപ്പിടുകയുള്ളൂ. മടിയില്ലാത്തതും ഉത്സാഹ പൂർണ്ണമായ ഒരു ജീവിതം ആയിരുന്നു തിരുമേനിയുടേത്.

ശേഷം 19-ാം പേജിൽ

catholicos@mosc.in
officeofthecatholicos@mosc.in

0481 - 2574323, 2578500
www.mosc.in

## The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

ജൂലൈ 25, 2023

### അനുഗ്രഹാശംസ

ദൈവസന്നിധിയിലേക്ക് വിളിച്ചുചേർക്കപ്പെട്ട മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സീനിയർ മെത്രാപ്പോലീത്തായും ചെങ്ങന്നൂർ മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും ആയിരുന്ന അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് പിതാവിന്റെ അഞ്ചാം ഓർമ്മപ്പെരുന്നാൾ 2023 ഓഗസ്റ്റ് മാസം 20 മുതൽ 24 വരെ അദ്ദേഹം കബറടങ്ങിയിരിക്കുന്ന ഓതറ സെന്റ് ജോർജ്ജ് ദയറായിൽ സമുചിതമായി ആഘോഷിക്കുകയാണല്ലോ. പരിപൂർണ്ണസമർപ്പണത്തോടും, ദൈവാശ്രയത്തോടുംകൂടി പാണ്ഡിത്യം, നിയമാവബോധം, കൃത്യനിഷ്ഠ, ആത്മാർത്ഥത എന്നിവ കൈമുതലാക്കിക്കൊണ്ട് തന്നെ ഏൽപിച്ച എല്ലാ ഉത്തരവാദിത്വങ്ങളും അനുഗ്രഹകരമായി നിറവേറ്റുവാൻ ആ പിതാവിന് സാധിച്ചു എന്നത് പ്രത്യേകം സ്മരണീയമാണ്.


ചെങ്ങന്നൂർ മെത്രാസനത്തെ മലങ്കര സഭയിലെ ഒരു മാതൃകാ ഭദ്രാസനമായി വളർത്തിക്കൊണ്ടുവരുവാൻ അക്ഷീണം പരിശ്രമിച്ച അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനി കാട്ടിത്തന്ന നല്ല മാതൃകകൾ പിൻതുടരുന്നതിന് നമുക്ക് ഏവർക്കും കടമയുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവിലുള്ള സമ്പൂർണ്ണ ഐക്യത്തോടും, ഏകാഭിപ്രായത്തോടുംകൂടെ ഭദ്രാസനത്തിന്റെ അഭ്യുന്നതിക്കായി ഇപ്പോഴത്തെ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായോട് ചേർന്ന് ഉത്സാഹപൂർവ്വം പ്രവർത്തിക്കുവാൻ ഭദ്രാസനത്തിലെ വൈദികരും വിശ്വാസികളും ഉത്സാഹിക്കണം. അഭിവന്ദ്യ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന **ബഥേൽ പത്രിക** പ്രത്യേക പതിപ്പിന് എല്ലാ ആശംസകളും നേരുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ









# അപൂർവ്വങ്ങളിൽ അപൂർവ്വം

**ഒരു
ഭവനത്തിലെ
മൂന്നു
മക്കളുടെ
വിവാഹം
ആശീർവദിച്ച
പിതാവ്**




Robi Thomas & Fenny Mariam Jacob - 09-01-2005



Abraham Jacob Chiramel & Sherin Mary Sam - 26-11-2009



Dr. Sam Jacob Chiramel &
Dr. Namitha Raichel Mathew - 29-07-2018




Inserted by : **Jacob Abraham Chiramel &
Annamma Jacob, Perissery**

വന്ദ്യ പിതാവിന്റെ
ഓർമ്മയ്ക്ക് മുമ്പിൽ
പ്രാർത്ഥനാപൂർവ്വം

# പ്രണാമം

അർപ്പിക്കുന്നു.





| | |
|---|---|
| മെഴുവേലി<br>ഹോളി ഇന്നസെന്റ്സ് വലിയപള്ളി | ഉമയാറ്റുകര<br>സെന്റ് തോമസ് വലിയപള്ളി |
| ബഥേൽ മാർ ഗ്രീഗോറിയോസ്<br>അരമനപള്ളി, ചെങ്ങന്നൂർ | ഇടവങ്കാട്<br>സെന്റ് മേരീസ് പള്ളി |
| വള്ളംകുളം<br>സെന്റ് മേരീസ് പള്ളി | മംഗലം<br>സെന്റ് ജോർജ്ജ് പള്ളി |
| തോട്ടപ്പുഴ<br>മാർ ഗ്രീഗോറിയോസ് പള്ളി | മുളക്കുഴ<br>സെന്റ് മേരീസ് പള്ളി |
| കല്ലുങ്കൽ വെസ്റ്റ്<br>സെന്റ് ജോർജ്ജ് പള്ളി | മാന്തളിർ സെന്റ് തോമസ് പള്ളി &<br>കുളനട സെന്റ് ജോർജ്ജ് ചാപ്പൽ |

വന്ദ്യ പിതാവിന്റെ
ഓർമ്മയ്ക്ക് മുമ്പിൽ
പ്രാർത്ഥനാപൂർവ്വം

# പ്രണാമം

അർപ്പിക്കുന്നു.





പിരളശ്ശേരി സെന്റ് ജോർജ്ജ്
കാതോലിക്കേറ്റ് സിംഹാസനപള്ളി

കോടുകുളഞ്ഞി പ്രകാശഗിരി
സെന്റ് മേരീസ് പള്ളി

ബുധനൂർ
സെന്റ് ഏലിയാസ് സണ്ടേസ്കൂൾ

റവ. ഫാ. രാജൻ വർഗ്ഗീസ് & കുടുംബം
വടക്കേതിൽ അനുഗ്രഹ, പേരിശ്ശേരി

റവ. ഫാ. മിഥുൻ വർഗ്ഗീസ് ചാക്കോ
& കുടുംബം, കൂടത്തിൽ, പേരിശ്ശേരി

ഡോ. ജേക്കബ് ഏബ്രാഹം
(പ്രിൻസിപ്പാൾ, സെന്റ് ബഹനാൻസ്
H S S, വെണ്ണിക്കുളം)

എബി അലക്സാണ്ടർ
ഹെഡ്മാസ്റ്റർ, മെട്രോപ്പോലിറ്റൻ
ഹൈസ്കൂൾ, പുത്തൻകാവ്

റവ.ഫാ.ജോൺ പി. ഉമ്മൻ & കുടുംബം
പനംകുറ്റിയിൽ എബനേസർ, ഇടവങ്കാട്

സജി പട്ടരുമഠം & കുടുംബം
ബുധനൂർ

ഏബ്രഹാം മാത്യു & കുടുംബം
വീരപ്പള്ളിൽ, കടമാൻകുളം

ഷാജി സി. എ. & കുടുംബം
ചേന്നങ്കര, ബുധനൂർ

14-ാം പേജിൽ നിന്നും തുടർച്ച

1995 ലെ സമുദായ കേസിലുണ്ടായ സുപ്രീകോട തിവിധിക്കുശേഷം മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട് രൂപവൽക്കരിച്ച ട്രൈബ്യൂണലിൽ നിസ്സാരനായ ഞാൻ അംഗമായപ്പോഴും നിഷ്പക്ഷതയും സുതാര്യതയും പാലിക്കുന്നതിനെപ്പറ്റി നല്കിയ പാഠങ്ങൾ എന്നും സൂക്ഷിക്കുവാൻ സാധിച്ചതിൽ എനിക്ക് ആത്മസംതൃപ്തി നല്കുന്നു. അത് എന്റെ ജീവിത്തിൽ തുടർന്ന് എന്നും പാലിക്കുവാൻ എനിക്ക് വെളിച്ചം നല്കിയിരുന്നു. ഞാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി നിയമിതനായതിൽ സന്തോഷിക്കുകയും അത് ആക്കുന്നതിന് ശ്രമിക്കുകയും ചെയ്തവരിൽ ഒരാളാണ് തിരുമേനി.

ശ്രീ. ഉമ്മൻ ചാണ്ടി സാറുമായി തിരുമേനിക്കുള്ള ഹൃദയബന്ധം വലുതായിരുന്നു. മലങ്കര സഭയിൽ ഉമ്മൻ ചാണ്ടി സാർ നേരിട്ട വിവാദവും ഒറ്റപ്പെടലിലും തിരുമേനി പരസ്യമായി അദ്ദേഹത്തെ ചേർത്ത് പിടിച്ചു. സത്യവും ശരിയെന്നു ബോധ്യപ്പെടുന്ന കാര്യങ്ങളിൽ ഉറച്ചു നിൽക്കുന്ന സ്വഭാവവൈശിഷ്ട്യമാണ് അതിനു കാരണം.

മലങ്കര സഭയുടെ യോജിപ്പിനും, സമാധാനത്തിനും വേണ്ടി തിരുമേനി ആഗ്രഹിക്കുകയും അതിനുവേണ്ടി നോമ്പ് എടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു. ഇരുവിഭാഗത്തിലെ ആളുകൾ ചേർന്ന് ഉണ്ടാക്കിയ മലങ്കര സഭാ സമാധാനസമിതി അംഗങ്ങൾ ചെങ്ങന്നൂർ അരമനയിൽ എത്തിയപ്പോൾ തിരുമേനി നല്കിയ ഊഷ്മളമായ സ്വീകരണം ഞങ്ങൾക്ക് വളരെ സന്തോഷവും പ്രചോദനവും നല്കിയ ഒരു അനുഭവമാണ്. തിരുമേനിയുടെ ജീവിതവും പ്രവർത്തിയും ചിന്തയും സാഹസികമായിരുന്നു. മറ്റുള്ളവർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലേലും തിരുമേനി ശരിയുടെ കൂടെയായിരുന്നു. സഭയ്ക്കും ഭദ്രാസനത്തിനും സമൂഹത്തിനും ധീരമായി നേതൃത്വം നല്കിയ തിരുമേനി ആഗ്രഹിച്ച ഒട്ടേറെ നന്മകൾ പൂർത്തീകരിക്കുവാൻ സർവ്വശക്തൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



## അന്ത്യസംഭാഷണം

റോയി മുത്തൂറ്റ്

2018 ആഗസ്റ്റ് മാസം 20-ാം തീയതി അത്താനാസിയോസ് തിരുമേനിയുടെ ഒരു ഫോൺ കോൾ എനിക്കു വന്നു. റോയീ... ഞാൻ 24-ാം തീയതി രാവിലെ 11.00 മണിക്ക് ഓതറ ദയറായിൽ എത്തും. വൈകിട്ട് 4.00 മണിക്ക് ദയറായിലോട്ട് വരണം. നമുക്ക് അവിടെയിരുന്ന് സംസാരിക്കാം.... ഇതായിരുന്നു തിരുമേനിയും ഞാനും തമ്മിലുള്ള അവസാന സംഭാഷണം. വാസ്തവത്തിൽ 24-ാം തീയതി രാവിലെ കേട്ട വാർത്ത ഒരു ഞെട്ടലോടുകൂടിയാണ് ഞാൻ കേൾക്കുന്നത്. വിളവെടുപ്പ് നടത്തുമ്പോൾ എല്ലാ തവണയും 3 പായ്ക്കറ്റുകളായി തേവർവേലി കുടുംബത്തിൽപ്പെട്ട ഞങ്ങളുടെ മൂന്നു ഭവനങ്ങളിലേക്ക് തിരുമേനി കൊടുത്തുവിടുന്ന പച്ചക്കറികളും മറ്റും ഉണ്ടാകും. പലപ്പോഴും, എന്നോടു പറയുന്നത്.... റോയീ... നീ സഭയുടെ പ്രവർത്തനങ്ങളിൽ മുന്നോട്ട് കടന്നുവരണമെന്നാണ്. സഭയുടെയും കുടുംബത്തിന്റെയും പല കാര്യങ്ങളും സംസാരിക്കുകയും, നിർദ്ദേശങ്ങൾ നൽകുകയും ഞങ്ങളെ അത്യധികമായി സ്നേഹിക്കുകയും ചെയ്ത വന്ദ്യ പിതാവിന്റെ ഓർമ്മയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വമായി സ്മരണാഞ്ജലി!!!



## സാമൂഹ്യ പ്രതിബദ്ധതയുടെ ആൾരൂപം

സജി പട്ടരുമഠം ബുധനൂർ

ചെങ്ങന്നൂർ നിവാസികൾക്ക് കനത്ത ആഘാതം നൽകി തോമസ് മാർ അത്താനാസിയോസ് മെത്രാപ്പൊലീത്താ കാലം ചെയ്തിട്ട് അഞ്ച് വർഷം പൂർത്തിയാകുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ സാരഥിയും, ആത്മീയ നേതാവ് എന്നതിലുപരി ചെങ്ങന്നൂരിന്റെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിലെ നിറ

സാന്നിധ്യവുമായിരുന്നു മാർ അത്താനാസിയോസ്. അദ്ദേഹത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏറെ അടുത്തറിയുവാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. എങ്കിലും സാമൂഹിക വിഷയങ്ങളിൽ ഇടപെടുവാനുള്ള അദ്ദേഹത്തിന്റെ വലിയ മനസാണ് എന്നെ ഒരു പാട് ആകർഷിച്ചിട്ടുള്ളത്.

സമൂഹത്തെ ആഴമായി ഗ്രസിക്കുന്ന പ്രതിസന്ധികളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. ഗുജറാത്തിനെ പിടിച്ചുകുലുക്കിയ ഭൂകമ്പ ദുരിതബാധിത പ്രദേശങ്ങളിൽ സഹായഹസ്തവുമായി ഓടിയെത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. കേരളത്തിൽ സുനാമി ദുരന്തമുണ്ടായപ്പോൾ ഭദ്രാസനത്തിലെ തന്റെ ആത്മീയ മക്കളെ കൂട്ടികൊണ്ട് പ്രശ്നബാധിത പ്രദേശങ്ങളിൽ നേരിട്ട് ചെന്ന് സഹായം എത്തിച്ചതും, അട്ടപാടിയിൽ ശിശുമരണം ഉണ്ടായപ്പോൾ ഒരു ലോറി സാധനവുമായി അവിടെ എത്തി സാധനങ്ങൾ അർഹരായവർക്ക് വിതരണം ചെയ്തതും ആദിവാദി മനുഷ്യർക്കൊപ്പം മണിക്കൂറുകളോളം ചെലവഴിച്ചതും അദ്ദേഹത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ തെളിവാണ്. പഠിക്കുവാൻ മിടുക്കരായവർക്ക് പഠനം നടത്തുവാൻ അദ്ദേഹം നടപ്പിലാക്കിയ വിദ്യാഭ്യാസ ലോൺ സ്കോളർഷിപ്പ് ഒരുപാട് പേർക്ക് നല്കിയത് ഒരു ജീവിതം തന്നെയായിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ കണിശത പുലർത്തുമ്പോഴും തന്റെ അടുക്കൽ സഹായത്തിനായി എത്തുന്നവരെ സഹായിക്കുവാൻ അദ്ദേഹം മനസ് കാട്ടിയിരുന്നു. കേരളത്തിൽ ചിക്കൻ ഗുനിയ എന്ന രോഗം വ്യാപിച്ചപ്പോൾ ഗുജറാത്തിൽ നിന്നും മരുന്ന് കൊണ്ടുവന്ന് ചെങ്ങന്നൂരിൽ അദേഹം വിതരണം ചെയ്തു. ചെങ്ങന്നൂർ മുൻസിപ്പാലിറ്റി തെരഞ്ഞെടുപ്പ് കഴിയുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ ജനപ്രതിനിധികളെയും ബഥേൽ അരമനയിൽ വിളിച്ചു കൂട്ടി ചെങ്ങന്നുരിന്റ വികസനം ചർച്ച ചെയ്യുന്ന പതിവ് തിരുമേനിക്കുണ്ടായിരുന്നു. ആത്മീയ വളർച്ചയ്ക്കൊപ്പം സമൂഹത്തിന്റെ വളർച്ചയും അദ്ദേഹം ആഗ്രഹിച്ചിരുന്നു. 2018 ൽ കേരളത്തിലെ ചില പ്രദേശങ്ങളിൽ ആദ്യം വെള്ളപ്പൊക്കമുണ്ടായപ്പോൾ മാന്നാർ പാവുക്കര, മംഗലം, നീർവിളാകം എന്നീ സ്ഥലങ്ങളിലെ ദുരിതബാധിത പ്രദേശങ്ങളിൽ നേരിട്ടെത്തി ആഹാരസാധനങ്ങളും വസ്ത്രങ്ങളും അദ്ദേഹം നൽകി. തുടർന്നാണ് അദ്ദേഹം ബറോഡയിലേക്ക് പോയതും മടക്കയാത്രയിൽ നമ്മെ വിട്ടുപിരിഞ്ഞതും. അനേകർക്ക് വഴികാട്ടിയായി, സമൂഹത്തിന്റെ വളർച്ചയ്ക്കായി അക്ഷീണം പരിശ്രമിച്ച മലങ്കര സഭയുടെ കരുത്തുറ്റ മഹിതാചാര്യൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ വേർപാട് വലിയ ഒരു നഷ്ടമാണ് നമുക്കുണ്ടാക്കിയത്. വന്ദ്യ പിതാവിനായി പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ അഭയം തേടുന്നു.



# ഓർമ്മകൾ മരിക്കുമൊ...

**പ്രിയാ ജേക്കബ്**
(പ്രിൻസിപ്പാൾ, മെട്രോപ്പോലീത്തൻ എച്ച്.എസ്സ്.എസ്സ്. പുത്തൻകാവ്)

സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള അകലം കുറയ്ക്കുന്നയാളാണ് പുരോഹിതൻ എന്നു കേൾക്കാനിടയായിട്ടുണ്ട്. പുണ്യശ്ലോകനായ അത്താനാസിയോസ് തിരുമേനി ഓർമ്മകളിൽ അനശ്വരനായിരിക്കുന്നത് ഈ കേൾവിയെ നേരിൽ കാണാൻ കഴിഞ്ഞതുകൊണ്ടാണ്. കോർപ്പറേറ്റ് മാനേജ്മെന്റിൽ ഒരു ഉദ്യോഗാർത്ഥിയായി ഇന്റർവ്യൂവിൽ സംബന്ധിച്ചപ്പോൾ ഉണ്ടായ അനുഭവം അവിസ്മരണീയമാണ്. ഇഷ്ടകവിയെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി അയ്യപ്പപ്പണിക്കരുടെ മർത്ത്യപൂജ ആലപിച്ച് വിശദീകരിച്ചപ്പോൾ, തന്ന അഭിനന്ദനവും പ്രോത്സാഹനവും 2018 വരെയുണ്ടായിരുന്നു. സാധാരണക്കാരായ എന്നെപ്പോലുള്ള ആളുകളോട് മാനേജർ എന്ന നിലയിൽ കാട്ടിയ നീതിബോധവും ധാർമ്മികതയും ഞങ്ങൾക്ക് സഭയോടും സ്ഥാപനങ്ങളോടുമുള്ള പ്രതിബന്ധത എത്രത്തോളം സമർപ്പിതമായി എന്നത് അനുഭവവേദ്യമാണ്. ഇന്നും സ്റ്റാഫ് മുറികളിൽ ഒരു പുനർപ്പണ അനുഭവമായി പലരും അയവിറാക്കാറുണ്ട്. കാതോലിക്കേറ്റ് & എം.ഡി. സ്കൂളിന്റെ മാനേജർ എന്ന നിലയിൽ ഒരു സുവർണ്ണകാലം സമ്മാനിക്കുവാൻ തിരുമനസ്സിന് കഴിഞ്ഞു. കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ ഏജൻസിയായി ഈ പ്രസ്ഥാനത്തിന്

നൽകിയ പോഷണങ്ങൾ പൊതുസമൂഹത്തിൽ ശ്രദ്ധേയമായി.

കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ്, നിർദ്ദേശങ്ങൾ നൽകുന്നതിന് മുമ്പ് തന്നെ നടത്തിയ **In search of excellence** എന്ന റസിഡൻഷ്യൽ പ്രോഗ്രാം തന്ന പരിശീലന പരിപാടികൾ ഹയർ സെക്കന്ററി മേഖലയ്ക്ക് പുതിയ ഭാവവും രൂപവും നൽകി. അദ്ധ്യാപകർക്ക് ചോദ്യപേപ്പർ തയ്യാറാക്കുവാൻ തന്ന പരിശീലനം, ജ്യോതിർഗമയ എന്ന ത്രൈമാസിക, സീനിയർ അദ്ധ്യാപകർക്ക് നൽകിയ ബറോഡയിലെ സ്കൂൾ സന്ദർശനങ്ങൾ, മുഖാമുഖപരിപാടികൾ ഇവ അദ്ദേഹത്തിന്റെ വിദ്യാഭ്യാസരംഗത്തെ ആത്മീയ കാഴ്ചപ്പാടുകളായിരുന്നു.

പുത്തൻകാവ് മെട്രോപ്പോലിറ്റൻ ഹയർസെക്കണ്ടറി സ്കൂളുമായി അദ്ദേഹത്തിനുണ്ടായിരുന്ന ആത്മബന്ധം നിർവ്വചനാതീതമാണ്. പൂർവ്വവിദ്യാർത്ഥി, പൂർവ്വ അദ്ധ്യാപകൻ, തദ്ദേശീയനായ മഹത്വ്യക്തിത്വം എന്നീ മുഖങ്ങൾ തെളിഞ്ഞും വിജരിഞ്ഞും പുത്തൻകാവിലുണ്ട്. അദ്ദേഹത്തിന്റെ കാലശേഷം സ്കൂളിന്റെ പ്രധാനകവാടം ആ നാമം അനശ്വരമാക്കിയത് അതുകൊണ്ടാണ്. ഹൃദയം നിറയെ കവിഞ്ഞൊഴുകുന്ന ദൈവസ്നേഹവും സഭാസ്നേഹവും അദ്ദേഹം പൊതുസമൂഹത്തിനും സഭയ്ക്കും സമ്മാനിച്ചു. ഒടുവിൽ അദ്ദേഹം ആരായിരുന്നു എന്ന ചോദ്യത്തിന്റെ മറുപടി ഓതറ ദയറായിലെ ആ കബറിടമാണ്. മലങ്കര സഭയിൽ ഇത്രയും ചെറിയ കബറിൽ ഉറങ്ങുന്നത് ആ വലിയ തിരുമേനിയാണ്. 2018 ലെ വെള്ളപ്പൊക്കം സമ്മാനിച്ച കണ്ണുനീരിനൊപ്പം ആ വിടവാങ്ങലും ഹൃദയവേദനയോടെ ഓർമ്മിക്കുന്നു. പിതാവിന്റെ സ്മരണകൾക്ക് മുന്നിൽ ബാഷ്പാഞ്ജലി.

---

# കർമ്മയോഗിയായ മാർ അത്താനാസിയോസ്



**യൂഹാനോൻ റമ്പാൻ,** ഒലിവുമല ആശ്രമം, കുട്ടിക്കാനം

1976 മുതൽ അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയോടൊപ്പം ഉണ്ടായിരുന്ന ആൾ എന്നുള്ള നിലയിൽ അഭിവന്ദ്യ തിരുമേനിയെ അനുസ്മരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ബാലനായ ദാവീദ് മല്ലനായ ഗോല്യാത്തിനെ നേരിടുവാൻ തയ്യാറായത്, യഹോവയായ ദൈവത്തെയയും തന്റെ ജനത്തെയും അധിക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്തതുകൊണ്ടാണ്. സ്വന്തജനത്തോടും ദൈവത്തോടും അത്രമാത്രം പ്രതിബന്ധതയും അടുപ്പവും ദാവീദിനുണ്ടായിരുന്നു. അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിക്കും, യേശുക്രിസ്തുവിനോടും, താൻ ജനിച്ചു വളർന്ന സഭയോടും അഗാധമായ പ്രതിബന്ധതയും സ്നേഹവും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ, വളരെ ചെറുപ്പം മുതലേ സഭാകാര്യങ്ങളിൽ ഇറങ്ങി പ്രവർത്തിച്ചിരുന്നു. ഇടവക പ്രവർത്തനത്തിലും, വിദ്യാർത്ഥി പ്രസ്ഥാനത്തിലും യുവജനസഖ്യത്തിലും പ്രവർത്തിക്കുകയും, പിന്നീട് വൈദീകനായും, മേൽപ്പട്ടക്കാരനായും, സഭയുടെ പൂർണ്ണമായ പ്രവർത്തകനായി അദ്ദേഹം തന്നെത്തന്നെ സമർപ്പിച്ചു.

അഭിവന്ദ്യ തിരുമേനിയിൽ ഞാൻ കണ്ട ഏറ്റവും പ്രധാനപ്പെട്ട നന്മ, ഈ ദൈവസമർപ്പണവും സഭാസ്നേഹവുമാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്നത് ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കുന്നത് തന്നെയാണല്ലോ. സഭയ്ക്കുവേണ്ടി കഷ്ടപ്പെടുവാനും, കഠിനാദ്ധ്വാനം ചെയ്യുവാനുമുള്ള മനസ്സ് ഞാൻ നേരിൽ കണ്ട കാര്യമാണ്. വിദ്യാഭ്യാസ പ്രവർത്തനമായിരുന്നു അദ്ദേഹം തെരഞ്ഞെടുത്ത ക്രിസ്തീയ മിഷൻ പ്രവർത്തനം.

അദ്ദേഹത്തിന്റെ ജീവിതത്തിലെ, എന്നെ അതിശയിപ്പിച്ചിട്ടുള്ള ഒരു സംഗതി, കഠിനാദ്ധ്വാനം ചെയ്യുവാനുള്ള തിരുമേനിയുടെ സന്നദ്ധതയാണ്. ഒരു സംഭവം മാത്രം ചൂണ്ടിക്കാണിക്കാം. അദ്ദേഹം ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ റിഫൈനറി ടൗൺഷിപ്പിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ ഏറ്റെടുത്തപ്പോൾ അവിടുത്തെ അദ്ധ്യാപകർ ട്യൂഷൻ പഠിപ്പിക്കുന്ന കുട്ടികൾക്ക് ചോദ്യപേപ്പർ ചോർത്തി കൊടുക്കുന്നുവെന്നുള്ള പരാതി ഉണ്ടായിരുന്നു. അതിനുള്ള പ്രതിവിധി തിരുമേനി ചെയ്തത് ഇപ്രകാരമായിരുന്നു. ഒന്നിൽ കൂടുതലുള്ള ചോദ്യപേപ്പറുകൾ സ്വീകരിക്കും, അതിൽ ഒന്ന് തെരഞ്ഞെടുക്കും. എന്നിട്ട് പരീക്ഷ നടക്കുന്നതിന്റെ

തലേദിവസം രാത്രിയിൽ തിരുമേനി തന്നെ സ്വന്തം കൈകൊണ്ട് Cyclostyling Machineല കറക്കി ചോദ്യപേപ്പറിന്റെ കോപ്പികൾ എടുക്കും. രാത്രി 10.00 മണി കഴിഞ്ഞായിരിക്കും ഈ യജ്ഞം ആരംഭിക്കുക. എല്ലാ ക്ലാസ്സുകളിലേക്കുമുള്ള കോപ്പികൾ എടുത്ത് കഴിയുമ്പോൾ രാത്രി 2.00 മണി കഴിഞ്ഞിരിക്കും. സത്യസന്ധതയ്ക്കു വേണ്ടിയുള്ള തന്റെ കഠിനാദ്ധ്വാനം അപാരം തന്നെ.

കർമ്മയോഗിയായ പിതാവിന്റെ മുമ്പിൽ സ്മരണാഞ്ജലി അർപ്പിക്കുന്നു.

## ക്വിസ് 12

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി : 05-09-2023** **മിനി ജോൺസൺ**

1. ഒരു ദൈവപൈതലിനെ വീണ്ടും ജനിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം എന്ത്?
2. എന്ത് നീക്കിക്കളയണമെന്ന് പത്രോസ് പറയുന്നു?
3. രക്ഷയ്ക്കായി വളരുവാൻ എന്തു കുടിക്കേണം?
4. ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ല് ആരാണ്?
5. അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചതെന്തിന്?
6. അവൻ പാപം ചെയ്തിട്ടില്ല അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല.ആരുടെയാണ്?
7. അബ്രഹാമിനെ യജമാനൻ എന്നു പറഞ്ഞതാര്?
8. സ്ത്രീജനം ബലഹീന പാത്രം എന്നു പറഞ്ഞതാര്?
9. നോഹയുടെ പെട്ടകത്തിൽ കയറി രക്ഷപ്പെടത് എന്തിന്റെ മുൻകുറി?
10. ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചതുകൊണ്ട് നാം ധരിക്കേണ്ടതെന്താണ്?
11. പാപങ്ങളുടെ ബഹുത്വത്തെ മറക്കുന്നത് എന്ത്?
12. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. ആരു പറഞ്ഞു?
13. ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത് എന്നു പറഞ്ഞ വ്യക്തി?
14. ന്യായവിധി എവിടെ ആരംഭിപ്പാൻ സമയമായി?
15. പ്രയാസേന രക്ഷ പ്രാപിക്കുന്നതാര്?
16. ആട്ടിൻകൂട്ടത്തെ മാതൃകയാക്കി അദ്ധ്യക്ഷത ചെയ്യുന്നവർക്ക് ലഭിക്കുന്ന കിരീടം എന്ത്?
17. ആര് പ്രത്യക്ഷനാകുമ്പോഴാണ് തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കുന്നത്?
18. എങ്ങനെയുള്ളവർക്കാണ് ദൈവം കൃപ നൽകുന്നത്?
19. അലറുന്ന സിംഹം എന്ന പോലെ ചുറ്റി നടക്കുന്നതാര്?
20. വിശ്വസ്ത സഹോദരൻ എന്ന് പത്രോസ് സാക്ഷ്യപ്പെടുത്തിയതാര്?
21. പത്രോസ് എനിക്ക് മകനായവൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തി ആര്?
22. 1 പത്രോസ് പുതിയ നിയമത്തിലെ എത്രാമത്തെ പുസ്തകം?
23. ഈ ലേഖനം എഴുതിയത് ആർക്കുവേണ്ടി?
24. ഈ ലേഖനം എവിടെ വെച്ച് എഴുതി?
25. ഈ ലേഖനത്തിൽ എത്ര വാക്യങ്ങൾ?

**ക്വിസ് 11 & 12 ന്റെ ഉത്തരങ്ങളും, വിജയിയുടെ പേരും അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.**



# അനുമോദനങ്ങൾ

സിവിൽ എഞ്ചിനീയറിംഗിൽ പി.എച്ച്.ഡി. (കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല) നേടിയ റോബർട്ട് വി. തോമസ്. എറണാകുളത്ത് കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രം ഡപ്യൂട്ടി ചീഫ് എഞ്ചിനീയറാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള ആശ്രയ ചാരിറ്റബിൽ സൊസൈറ്റിയുടെ ട്രഷററും ഉമയാറ്റുകര സെന്റ് തോമസ് വലിയപള്ളിയിൽ നിന്നുള്ള മലങ്കര അസോസിയേഷൻ പ്രതിനിധിയുമാണ്. നേരത്തെ ഭദ്രാസന പ്രതിനിധിയായിട്ടുണ്ട്.

ചെങ്ങന്നൂർ കല്ലിശ്ശേരി മോടിയിൽ പരേതരായ എം.വി. തോമസിന്റെയും മേരിക്കുട്ടിയുടെയും മകനാണ് റോബർട്ട്. ഭാര്യ : കുമ്പനാട് നെല്ലിമല പാടിപ്പുറത്ത് റീന പി. മാത്യു. മകൻ : ഡോ. എലൈൻ തോമസ് റോബർട്ട് (കോലഞ്ചേരി എം.ഒ.എസ്സ്.ഇ. മെഡിക്കൽ കോളജ് എം.ഡി. വിദ്യാർത്ഥി). മകൾ : നീവ് മറിയം റോബർട്ട് (തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജ് എം.ബി.ബി.എസ്. വിദ്യാർത്ഥിനി).



ബെന്യാമിൻ

# തോറ്റുപോയവന്റെ ഉത്സവം

എല്ലാ വൈരുദ്ധ്യങ്ങൾക്കിടയിലും മലയാളിയെ ഒന്നിപ്പിക്കുന്ന അപൂർവ്വ ആഘോഷങ്ങളിലൊന്നാണ് ഓണം. അത് നമ്മുടെ ദേശത്തിന്റെ ആഘോഷമാണ്. അത് ഏതെങ്കിലും ജാതിയുടെയോ മതത്തിന്റെയോ മാത്രം സ്വന്തമല്ല. അങ്ങനെ നമുക്ക് സ്വന്തമായുള്ള മറ്റൊന്ന് നമ്മുടെ മലയാളഭാഷയാണ്. മലയാളം എല്ലാവരുടേതുമാണ്. അതും ആരുടെയും സ്വന്തമല്ല. അപ്പോൾ മലയാളവും ഓണവും ചേരുമ്പോഴാണ് നമ്മൾ ഒരു പൂർണ്ണമലയാളിയാവുന്നത്. അല്ലെങ്കിൽ നമ്മളെല്ലാം ഏതെങ്കിലും ജാതിസ്വത്വത്തിന്റെ ഭാഗം മാത്രമായി ഒടുങ്ങിപ്പോകും. അതുകൊണ്ട് ഒരു ആഘോഷം എന്നതിനപ്പുറത്ത് ഓണം ആഘോഷിക്കുക എന്നത് നമ്മുടെ കടമയും ഉത്തരവാദിത്വവും കൂടിയായി മാറുന്നുണ്ട്.

ഓണം നമ്മുടെ ദേശത്തേക്ക് വന്നതിനെ സംബന്ധിച്ച് പല ഐതീഹ്യങ്ങളും പറഞ്ഞു കേൾക്കുന്നുണ്ട്. നമ്മുടെ പൂർവ്വികർ ജീവിച്ചിരുന്ന നിനവേ എന്ന പട്ടണത്തിൽ ആഘോഷിച്ചിരുന്ന ഒരു ഉത്സവം എന്നും കൊയ്ത്ത് ഉത്സവം എന്നും പൊന്നിൻ ചിങ്ങമാസത്തിൽ സ്വർണ്ണം കയറ്റി വരുന്ന വിദേശക്കപ്പലുകൾ നമ്മുടെ തുറമുഖങ്ങളിൽ വന്ന് നമ്മുടെ ജീവിതങ്ങളെ ആഹ്ലാദഭരിതമാക്കിയിരുന്നിന്റെ ഓർമ്മ എന്നും ഒക്കെ പല കഥകൾ നാം കേൾക്കുന്നു. എന്തായാലും അതിനൊക്കെ ഇടയിൽ മഹാബലി എന്നൊരു രാജാവും അദ്ദേഹം വിഭാവനം ചെയ്തിരുന്ന ഒരു സുഖസുന്ദര രാജ്യവും നമ്മുടെ കഥകളിലും സ്വപ്നങ്ങളിലും നിറഞ്ഞു കിടക്കുന്നുണ്ട്. അങ്ങനെയൊരു രാജാവ് കേരളം ഭരിച്ചിട്ടില്ല എന്ന കാര്യം എല്ലാവർക്കും അറിയാം. അതിനു ചരിത്രപരമായ ഒരു തെളിവുമില്ല. അദ്ദേഹം ജീവിച്ചിരുന്നത്, ജീവിച്ചിരിക്കുന്നത് നമ്മുടെ പൂർവ്വികരുടെയും നമ്മുടെയും മനസുകളിലാണ്. എല്ലാവരും ഒന്നായി കഴിയുന്ന ഒരു നല്ല കാലത്തെ കുറിച്ച് സ്വപ്നം കാണാത്ത ഏത് ജനതയാണ് ഈ ഭൂമിയിലുള്ളത്.

ആ കഥയിലെ രാജാവിനു മറ്റനേകം കഥകളിലെ രാജാക്കന്മാരുമായി വലിയ വ്യത്യാസമുണ്ട്. മറ്റെല്ലാവരും വിജയികൾ ആയിരിക്കുമ്പോൾ മഹാബലി എന്ന ഈ രാജാവ് മാത്രം തോറ്റുപോയവനാണ്. നന്മ ചെയ്തതിന്റെ പേരിൽ പാതാളത്തിലേക്ക് ചവുട്ടി താഴ്ത്തപ്പെട്ടവനാണ്. ജയിച്ചവരെ മാത്രം ആഘോഷിക്കുന്ന ലോകരീതിക്ക് പകരം തോറ്റവനെ ആഘോഷിക്കുന്ന ഉത്സവം എന്ന പ്രത്യേകത കൂടിയുണ്ട് ഓണത്തിന്. നന്മ ചെയ്തിട്ട് തോറ്റവർ എല്ലാ കാലത്തേക്കും പാതളങ്ങളിൽ ഒടുങ്ങിപ്പോകില്ലെന്നും ഒരു ദിവസം അവർ സ്വന്തം ജനങ്ങളുടെ ഇടയിലേക്ക് മടങ്ങി വരുമെന്നും ഓണം നമ്മെ ഓർമ്മിപ്പിക്കുന്നു. അത് നമ്മെ കൂടുതൽ കാരുണ്യത്തിനും ദയാനുഭൂതിക്കും അപരസ്നേഹത്തിനും പ്രേരിപ്പിക്കുന്നുണ്ട്. അതുകൊണ്ടാണ് ഓണം ഒരു ആഘോഷമായിരിക്കെ തന്നെ ഒരു ഉത്സവം ആയിരിക്കെ തന്നെ അതിൽ മഹത്തായ ഒരു ആശയം കൂടി ഉൾച്ചേർന്നിട്ടുണ്ട് എന്ന് പറയേണ്ടി വരുന്നത്. ഓണം ആഘോഷിക്കുക എന്നാൽ വയറു നിറച്ച് ഉണ്ണുക എന്നതല്ല അപരനെകൂടി കരുതുക എന്നു കൂടി അതിനർത്ഥമുണ്ട്.

കാലം ചെയ്ത അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുനാളും ഈ മാസം തന്നെയാണ് നാം കൊണ്ടാടുന്നത്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ തുടക്കം മുതൽ അതിനെ കുഞ്ഞിനെപ്പോലെ വളർത്തി അതിന്റെ നിറയൗവ്വനത്തിൽ എത്തിച്ചിട്ടാണ് അദ്ദേഹം നമ്മിൽ നിന്ന് വേർ പിരിഞ്ഞത്. ഈ യൗവ്വനകാലം സമൃദ്ധമായി വളരേണ്ടുന്ന കാലം കൂടിയാണ്. അദ്ദേഹം വിഭാവനം ചെയ്ത തുടങ്ങി വച്ച അനേകം പ്രവർത്തനങ്ങൾ പൂർത്തികരിക്കാനുണ്ട്. അതിന്റെയെല്ലാം പൂർത്തീകരണത്തിനായി നാം ഒന്നിച്ച് നിൽക്കുക എന്നതാണ് അദ്ദേഹത്തിനു നൽകാവുന്ന ഏറ്റവും നല്ല ആദരവും ഓണസമ്മാനവും. അപരനെ കരുതുന്ന നമ്മളെ കണ്ട് മടങ്ങി വരുന്ന മവേലിയും സ്വർഗ്ഗത്തിലെ തിരുമേനിയും ആഹ്ലാദിക്കട്ടെ.

ഫാ. ഡോ. ഫെലിക്സ് യോഹന്നാൻ തട്ടാശ്ശേരിൽ
(ഭദ്രാസന കൗൺസിൽ അംഗം)



# അമൃതനാമധാരിയായ മാർ അത്താനാസിയോസ്

യാത്രകൾ ഏറെ ചെയ്തൊരാൾ യാത്രയിൽ തന്നെ വിടവാങ്ങുക. 'മരണമില്ലാത്തവൻ' എന്നർത്ഥമുള്ള അത്താനാസ്യോസ് എന്ന നാമധേയമെങ്കിലും മരണത്തിന് വിധേയമാകുക. തന്റെ ജീവിതവും യാത്രകളും എന്തിനേറെ മരണം പോലും ഇത്രയേറെ വിമർശന വിധേയമാക്കപ്പെട്ടിട്ടും പറയാൻ ഒത്തിരി നന്മകൾ അവശേഷിപ്പിച്ചിട്ടുണ്ടെങ്കിൽ അവ കേൾക്കാൻ, വായിക്കാൻ, അറിയാൻ, പ്രാവർത്തികമാക്കാൻ നാം മനസ്സു കാണിക്കുന്നിടത്താണ് നന്മയുള്ള മനുഷ്യരായി മാറുക.

മുപ്പത്തിമൂന്ന് വർഷങ്ങൾ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി നമ്മെ നയിച്ച അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയെ വിസ്മരിച്ചുകൊണ്ട് ഒരു ചരിത്രം ചെങ്ങന്നൂരിനും ബഥേലിനും മലങ്കര സഭയ്ക്കും ഇല്ല എന്ന് തന്നെ പറയേണ്ടി വരും. ഞാൻ ഇവിടെ ഉണ്ട്, ഞാൻ ഇങ്ങനെയൊക്കെ ആണ്, എന്നൊക്കെ വരുത്തിത്തീർക്കാൻ. ഫേസ്ബുക്ക് പോസ്റ്റുകളും സെൽഫികളും, സ്റ്റാമ്പുകളും കൊണ്ട് നിറഞ്ഞു നിൽക്കുന്ന പി.ആർ. വർക്കുകൾ ആയിരുന്നില്ല അത്താനാസിയോസ് ശൈലി. അതുകൊണ്ട് തന്നെയത്രേ അമ്പത് കൊല്ലങ്ങൾക്ക് മുമ്പ് അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം ബറോഡ വരെ വ്യാപിച്ചതും ആയതിന്റെ ആസ്തി വലിപ്പം കണ്ട് ഞെട്ടിത്തരിച്ച് പലരും നെറ്റിചുളിച്ചതും.

ബറോഡയിൽ നിന്ന് തന്നെ തുടങ്ങേണ്ടിവരും അത്താനാസിയോസ് ഓർമ്മകൾ. സഭയുടെ കാശ് കൊണ്ട് തുടങ്ങിയതെന്ന് പലരും പലവുരു പറഞ്ഞത് കേൾക്കുന്നു. നാലണ കൂട്ടിയെടുക്കാൻ ഇല്ലാത്ത കാലത്ത്, 1969 ൽ വെറും കെ.റ്റി. തോമസ് ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഗുരുനാഥൻ ബറോഡ എം.എസ്സ്. യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ലോലെ ചോദിച്ച ഒരു ചോദ്യത്തിൽ നിന്നാണ് ഇന്നു കാണുന്ന ബേസിൽ ട്രസ്റ്റ് സ്കൂളുകളുടെ ഉത്ഭവം. "Are you interested to take up the principalship of a small school here?" എം.എഡ്. പഠനം ഉന്നതമായ നിലയിൽ പൂർത്തീകരിച്ച ഭൗതികശാസ്ത്രത്തിൽ ബിരുദധാരിയായ കെ.റ്റി. തോമസ് ഗവൺമെന്റ് അംഗീകാരം പോലുമില്ലാതായിരുന്ന ബേബിലാന്റ് സ്കൂളിന്റെ പ്രിൻസിപ്പൽ ആയി. കേവലം 31 വയസ്സ്. കെ.റ്റി. തോമസ് തന്നെയായിരുന്നു ബറോഡ ഇടവകയുടെ മാർ ബേസിൽ സ്കൂൾ തുടങ്ങാൻ സഹായിച്ചതും. സ്ഥാപക പ്രിൻസിപ്പലും എന്നറിയുമ്പോൾ ആണ് വിദ്യാഭ്യാസരംഗത്തെ അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം നാം മനസ്സിലാക്കുക. പിന്നീട് ബറോഡ റിഫൈനറി സ്കൂളും "The Trust of the Society of the St. Basil" ന്റെ കീഴിൽ അങ്കേലശ്വർ, ബറോഡ, ഹലോൾ, ആനന്ദ് എന്നിവിടങ്ങളിലായി നൂറിലധികം സ്കൂളുകൾ. ഇവയൊന്നും ധനസമ്പാദനത്തിനായിട്ട് ഉണ്ടാക്കിയതോ, സമൂഹത്തിന്റെ മുഖ്യധാരയിൽ ഉള്ളവർക്കോ വേണ്ടിയായിരുന്നില്ല. മറിച്ച്, ഗുജറാത്തിന്റെ ഗ്രാമങ്ങളിൽ നല്ല വിദ്യാഭ്യാസവും സാമൂഹിക ഉന്നമനവും

നൽകുക എന്ന ലക്ഷ്യമായിരുന്നു ആയതിന്റെ അടിസ്ഥാനം. മറ്റൊരു കാരണം അദ്ദേഹത്തിന്റെ അദ്ധ്യാപന ജീവിതത്തിന്റെയും വൈദീകശുശ്രൂഷയുടെയും രണ്ട് പതിറ്റാണ്ട് നിറഞ്ഞ കർമ്മമണ്ഡലം ആയിരുന്ന പ്രദേശവുമായുള്ള ആത്മബന്ധം. സാഹചര്യത്തിന്റെയും നിയമത്തിന്റെയും മുമ്പിൽ (ഗുജറാത്തിൽ സ്കൂൾ തുടങ്ങാൻ ട്രസ്റ്റ് വേണമായിരുന്നു) അനിവാര്യമായിരുന്ന ട്രസ്റ്റ് മലങ്കര മക്കൾക്കവകാശപ്പെട്ടതെന്ന് പറയുമ്പോൾ ഒരു ചോദ്യം ഉണ്ട്. കേരളത്തിലും പുറത്തും സ്വന്തം പേരിൽ അരമനകളും സ്ഥാപനങ്ങളും ഉള്ളതും നഷ്ടപ്പെട്ടതും ചോദ്യം ചെയ്യേണ്ടേ?

ശമ്പളം പോലും കൈപ്പറ്റാതെ ഒരു മനുഷ്യൻ മഹാരാഷ്ട്രയിലും, രാജസ്ഥാനിലും, ഗുജറാത്തിലും ഓടിനടന്ന് ചിതറിപാർത്തിരുന്ന വിശ്വാസസമൂഹത്തെ ചേർത്ത് നിർത്തി തുടങ്ങിയ ഒരു ഡസനിലേറെ ദേവാലയങ്ങൾ. മലങ്കര സഭയുടെ ആരാധനാ ജീവിതത്തിൽ അനേകരെ പിടിച്ചുനിർത്തിയ നിസ്വാർത്ഥ സേവനങ്ങൾ. ട്രങ്ക് പെട്ടി ചുമന്ന് അതിശൈത്യകാലത്തും ചരക്ക് ലോറികളുടെ പുറത്ത് കയറി ഇരുന്ന യാത്ര ചെയ്ത് ബലിയർപ്പണത്തിനായി അത്യദ്ധ്വാനം ചെയ്ത ഫാ. കെ.റ്റി. തോമസ് അരമനകൾ പണിത് സ്വസ്ഥമായി ഇരിക്കുക എന്ന ശൈലിക്കാർക്കും വിമർശകർക്കും ഒരു വെല്ലുവിളി തന്നെയാണ്. ആ കഠിനമായ യാത്രകളുടെ സഹനത്തിന്റെ ബാക്കിപത്രം കൂടിയാണ് ഇന്നത്തെ അഹമ്മദാബാദ് ഭദ്രാസനം.

ബറോഡയുടെ മണ്ണിൽ നിന്നും 1985 ൽ ബഥേലിന്റെ 'പൊതേൽ കുള'ത്തിലേക്കുള്ള യാത്ര ബഥേലിന്റെ ചരിത്രം തന്നെ മാറ്റി. ബഥേലിൽ ഒരു അരമന പണിയുന്നതിനേക്കാൾ മുൻഗണന ഭദ്രാസന ഭരണസംവിധാനങ്ങൾക്ക് വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിതുയർത്തുക എന്നതായിരുന്നു പ്രഥമ ലക്ഷ്യം. ബഥേലിലെ പരിമിതമായ സൗകര്യങ്ങൾ കണ്ടതിൽ ഒരു വീട് എടുത്ത് താമസിക്കുന്ന കാര്യം ആലോചിച്ചപ്പോൾ തിരുമേനിയുടെ അമ്മ വിളിച്ചു "ബഥേലിൽ അല്ലാതെ ഒരിടത്തും താമസിക്കരുതെന്ന്" പറഞ്ഞതായി തിരമേനി തന്നെ സാക്ഷ്യപ്പെടുത്തുന്നു. ആയതുകൊണ്ടു തന്നെ വർഷങ്ങളോളം ബഥേലിന്റെ അരമനപള്ളിയുടെ ഒരു ചാർത്തിൽ തന്റെ ഓഫീസും താമസവും ക്രമീകരിച്ച് പരിമിതമായ സാഹചര്യത്തിൽ തന്നെ ജീവിച്ചു. ആഡംബര പൂർണ്ണമായ സൗകര്യങ്ങൾ അല്ല മറിച്ച് ഒരു ഭദ്രാസന ഓഫീസിനുവേണ്ട ക്രമീകരണങ്ങൾ നിറഞ്ഞ കെട്ടിട നിർമ്മാണത്തിനത്രേ അത്രേം പ്രാധാന്യം നൽകിയത്.

കസേരയിട്ട് മാവിൻചുവട്ടിലും, അരമനയുടെ തിണ്ണയിലും ഇരിക്കുന്ന ഒരു മെത്രാപ്പോലീത്ത പള്ളിയിൽ വരുന്നവരോടും, അരമനയിൽ വരുന്നവരോടും, വാഹനങ്ങൾ പാർക്ക് ചെയ്യാൻ വരുന്ന നാനാജാതി മതസ്ഥരോടും പേരും, നാടും, വീടും, ക്ഷേമവും ചോദിച്ച് കുശലം പറയുന്ന ഒരിടയൻ, സ്വപ്നങ്ങളിൽ അല്ല മറിച്ച് ബഥേലിന്റെ അരമനയിൽ കാത്തിരിപ്പുണ്ടായിരുന്നു. രാവിലെയും വൈകുന്നേരവും യാത്രകൾക്ക് മുമ്പും ശേഷവും ഏറെ സന്തോഷത്തോടെ ചെലവഴിക്കാൻ തിരുമേനി ആഗ്രഹിച്ച ഇടവും ബഥേൽ മുറ്റം തന്നെയായിരുന്നു. മനുഷ്യനെ അറിയാൻ, ഭദ്രാസന കാര്യങ്ങൾ മനസ്സിലാക്കാൻ, സമൂഹത്തിന്റെ അവസ്ഥകളെ തിരിച്ചറിയാൻ ആ ഇരിപ്പ് ഏറെ സഹായിച്ചിട്ടുണ്ടാകാം. മരത്തെയും മണ്ണിനെയും തൊട്ടറിഞ്ഞുകൊണ്ടുള്ള നടത്തവും മാവിനോടും, പേരയോടും, കമുകിനോടും വാഴയോടും പശുവിനോടും തെങ്ങിനോടും സംസാരിച്ചുകൊണ്ട് നടന്ന തിരുമേനിക്ക് പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള സ്നേഹം വാചക കസർത്തുകളോ വൈറൽ റീലുകളോ ആയിരുന്നില്ല. അവ അദ്ദേഹത്തിന്റെ പൗരസ്ത്യ ആത്മീയ ജീവിതത്തിന്റെ ആഴമേറിയ ബോധ്യത്തിൽ നിന്നും വന്നതായിരുന്നു.

മലങ്കര സഭയിലെ മികച്ച ഭദ്രാസനമായി ചെങ്ങന്നൂരിനെ രൂപപ്പെടുത്തിയത് അംബരചുംബികളായ കെട്ടിടങ്ങളോ സ്ഥാപനങ്ങളോ കൊണ്ടായിരുന്നില്ല. ശൈശവ ദശയിൽ ആയിരുന്ന ഭദ്രാസനത്തിന്റെ ആത്മീയ അടിത്തറ ബലപ്പെടുത്താൻ വേണ്ട കൃത്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ആദ്യം 75 പേരിൽ തുടങ്ങി പിന്നെ 150 ഓളം പേരടങ്ങിയ സന്നദ്ധ സുവിശേഷ സംഘം, ദൈവവിളി സംഘം, മദ്ബഹാ ശുശ്രൂഷകർക്കുള്ള ക്ലാസ്സുകൾ, വാർത്തകളും വിശ്വാസവും അറിയുവാനും പഠിക്കുവാനുമുള്ള 'ബഥേൽ പത്രിക' എന്ന മുഖപത്രം, വിദ്യാജ്യോതി, ലൈബ്രറി, ബൈബിൾ ക്ലാസ്സുകൾ, ശിശുദിനാചരണം (യോഹന്നാൻ സ്നാപകന്റെ ജന്മദിനം), വൈദീകർക്കായി പ്രത്യേക ക്ലാസ്സുകൾ, യോഗങ്ങൾ, ഇടവക പള്ളികളുടെ ആത്മീയ ഭരണപരമായ ശാക്തീകരണം (പല ഇടവക പള്ളികളും ഇടവക പട്ടക്കാരാൽ ഭരിക്കപ്പെട്ടിരുന്നവയോ അവരുടെ ശക്തമായ ഇടപെടലുകൾ നിലനിന്നിരുന്നതുമായവ ആയിരുന്നു). ഇടവക ഭരണസമിതികൾക്കായുള്ള മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ, ആർദ്ര ചാരിറ്റബിൾ സൊസൈറ്റി ഇടവക കൗൺസിൽ തുടങ്ങി വിവിധ തരത്തിലും തലത്തിലുമുള്ള പദ്ധതികളിലൂടെ അഭൂതപൂർവ്വമായ

വളർച്ചയാണ് ഭദ്രാസനം നേടിയെടുത്തത്. വരവ്-ചെലവ് കണക്കിന്റെ കളികൾ പേടിച്ച് ഇന്ന് നെട്ടോട്ടമോടുന്നുണ്ട് പലരും. എന്നാൽ ഭദ്രാസനത്തിലെ ഇടവകകളിൽ ഏപ്രിൽ 01 മുതൽ തന്നെ പുതിയ ഭരണസമിതി ചുമതല ഏറ്റെടുക്കണമെന്ന കർശന നിർദ്ദേശം, ഭരണഘടനാപരമായ കാര്യങ്ങളിലെ കൃത്യമായ വിശകലനവും പഠനങ്ങളും ക്ലാസ്സുകളും ഭദ്രാസന തലത്തിലെ അടുക്കും ചിട്ടയും കണക്കുകളിലെ കൃത്യതയും സുതാര്യതയും മെത്രാസനത്തിന്റെ പുരോഗതിക്ക് നിദാനമായി. തിരുമേനി ഒരു മികച്ച ഭരണാധികാരി എന്നതിനപ്പുറം ചെങ്ങന്നൂർ ഭദ്രാസനം മലങ്കര സഭയിലെ തന്നെ മികച്ച ഭദ്രാസനമെന്ന് അറിയപ്പെട്ടു.

വൈദീകരെയും അത്മായരെയും ഒരുപോലെ പ്രോത്സാഹിപ്പിച്ചിരുന്ന ഒരു ഇടയൻ. അത്മായർക്ക് ഭദ്രാസനത്തിൽ അർഹമായ പ്രാധാന്യം നൽകുകയും രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിച്ചിരുന്ന സഭാംഗങ്ങളെ രാഷ്ട്രീയത്തിനതീതമായ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സന്നദ്ധ സുവിശേഷാംഗങ്ങൾ, ഭദ്രാസനതലത്തിലും ഇടവകതലത്തിലും പ്രവർത്തിക്കുന്ന ആത്മീയ സംഘടനാ ഭാരവാഹികൾ, ഇടവക ഭരണസമിതി അംഗങ്ങൾ എന്നിങ്ങനെ വിവിധ തുറകളിൽ ഉള്ളവരെ പേരെടുത്ത് വിളിക്കാൻ തക്കവണ്ണമുള്ളബന്ധവും പരിചയവും അവരെ ചേർത്ത് നിർത്തിയുള്ള പ്രവർത്തനങ്ങളും ഒരു വിസ്മയം തന്നെയായിരുന്നു. എന്നും വിമർശന വിധേയരാകുന്ന വൈദീകർ, പ്രത്യേകിച്ച് കൊച്ചച്ചന്മാരെപ്പറ്റിയുള്ള കാഴ്ചപ്പാട് ഇങ്ങനെയായിരുന്നു ''കൊച്ചച്ചന്മാർ! അവരുടെ പ്രവർത്തനത്തിൽ ഞാൻ തൃപ്തനാണ്. അവരെല്ലാവരും ഒന്നിനൊന്ന് മിടുക്കന്മാർ ആണെന്നത് തന്നെയാണ് എന്റെ അഭിപ്രായം''. ആയതിന്റെ കാരണം കൂടി തിരുമേനി പറയുന്നുണ്ട്. ''അവരെ ഞാൻ കൂടെ നിർത്തും. നിന്നെ മനസ്സിലാക്കാനും, എന്റെ കൂടെ വേഗത്തിൽ എത്തുവാനും ഇതുമൂലം കഴിയുന്നു. ഒരു നല്ല ഭരണാധികാരി ആകണമെങ്കിൽ ഒറ്റ തിരിഞ്ഞ് ആരേയും അടുപ്പിക്കാതെ നടന്നാൽ പറ്റുകയില്ല.

''മാർ അത്താനാസിയോസ് തേരും തേരാളിയും'' എന്ന ഗ്രന്ഥത്തിൽ ബഹു. ടി.ജെ. ജോഷ്വാ അച്ചൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ''വൈദീകരുടെ പിന്തുണയും സഹകരണവും കൂടാതെ ഒരു മെത്രാനും കാര്യമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. വൈദീകരെ സഹപ്രവർത്തകരായി കണ്ട് അവരുമായി ആശയവിനിമയം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ സാധിക്കേണ്ടതാണ്. ഇപ്രകാരം വൈദീകരെയും അത്മായരെയും കൂടെ ചേർത്ത് നിർത്തി ആശയവിനിമയം നടത്തി ഭദ്രാസനകാര്യങ്ങൾ മുമ്പോട്ട് കൊണ്ടുപോയതിനാൽ ആണ് മാർ അത്താനാസിയോസ് ഒരു മികച്ച ഭരണാധിപൻ ആയി വിളങ്ങിയത്.

മറ്റുള്ളവരുടെ കഴിവുകളും പ്രാവീണ്യവും സേവനങ്ങളും പരമാവധി പ്രയോജനപ്പെടുത്തി പദ്ധതികൾ വിജയിപ്പിക്കുകയെന്ന മോശയുടെ പ്രവർത്തനശൈലിയാണ് തിരുമേനി പിന്തുടർന്നത്. എല്ലാറ്റിലും 'നെഗറ്റീവ്' മാത്രം കാണുന്ന ഒരു കാലത്ത്, ''അച്ചാ, ഫൈൻ, വെരിഗുഡ്, ഗോ എ ഹെഡ്'' എന്നീ വാക്കുകൾ അത്താനാസിയോസ് തിരുമേനിയിൽ നിന്നും കേൾക്കുമ്പോൾ ഏതൊരാൾക്കും മുമ്പോട്ട് കുതിക്കാനുള്ള ഒരു പ്രത്യേക ഊർജ്ജം പകരുമായിരുന്നു. ഒരാളുടെ കഴിവുകൾ കണ്ട് പ്രോത്സാഹനവും പിന്തുണയും നൽകി ഉന്നതമായ നിലയിലേക്ക് എത്തിക്കുന്നതിൽ തിരുമേനി സന്തോഷിച്ചിരുന്നു. പിന്തിരിപ്പൻ ആശയങ്ങളുടെ തടവറയിൽ കിടക്കാതെ 'തന്നെക്കാൾ തന്റെ ആത്മീയ മക്കൾ വൈദീകരായാലും അത്മായരായാലും വളരണമെന്ന ഉന്നതമായ ചിന്ത കാത്തുസൂക്ഷിച്ച് അത് പ്രാവർത്തികമാക്കിയിരുന്നു.

പരുമല പെരുന്നാളിന് വന്നാൽ കെ.റ്റി. തോമസ് അച്ചൻ എന്നൊരാളെ നാലാൾ അറിയും. പിന്നെ മെത്രാൻ തെരഞ്ഞെടുപ്പിൽ സ്ഥാനവും ഉണ്ടാകും എന്ന് സാമുവൽ ചന്ദനപ്പള്ളി സർ അറിയിച്ചപ്പോൾ സ്വന്തം ഇമേജ് ബിൽഡിംഗിന് തയ്യാറാകാതെ "I do not find any justification in leaving my parish to project my image at Parumala" എന്ന് നിസ്തർക്കം പറഞ്ഞൊരാൾ. എന്റെ പേര്, എന്റെ ഫോട്ടോ, എന്റെ മുഖം, എന്റെ വൈറൽ വീഡിയോകൾ എന്നെല്ലാം കരുതി ഇമേജ് ബിൽഡ് ചെയ്യാൻ വേണ്ടി മാത്രം പ്രസംഗങ്ങളും എഴുത്തുകളും പരിപാടികളും വാട്സ്ആപ്പ് സ്റ്റാറ്റസുകളും ഒക്കെ നിറഞ്ഞാടുന്ന കാലത്ത് ഇങ്ങനെയും ഒരാൾ ജീവിച്ചിരുന്നു, പ്രവർത്തിച്ചിരുന്നു, ഇടയനായിരുന്നു എന്നതാണ് മഹത്വം. കാലത്തിനു മുൻപേ സഞ്ചരിച്ച ക്രാന്തദർശിയായ മഹാപുരോഹിതൻ. അതുകൊണ്ട് തന്നെ അദ്ദേഹത്തിന് മരണമില്ല. മരണം വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു.

വർഗീസ് ജോൺ, തോട്ടപ്പുഴ

# പ്രാഥമിക ലിസ്റ്റും അന്തിമ ലിസ്റ്റും

ബഥേൽ പത്രിക 2023 ജനുവരി ലക്കത്തിലെ (പേജ് 24-26) ലേഖനത്തിന്റെ തുടർച്ചയാണ് ഈ ലേഖനം. ഇതു വായിക്കുന്നതിനു മുൻപ് ആദ്യ ഭാഗം കൂടി വായിക്കുന്നത് നന്നായിരിക്കും.

**നടപടിക്രമങ്ങൾക്ക് ഒരു മാതൃക**

ഇടവക ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് എല്ലാ ഇടവകകളിലും മാർച്ച് അവസാനം ഇടവകയോഗം കൂടുമെന്നു കരുതുന്നു. 2024 മാർച്ച് 17 ഞായറാഴ്ച ഇടവകയോഗം കൂടണമെങ്കിൽ അതനുസരിച്ചു സ്വീകരിക്കേണ്ട വിശദമായ നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു (2024 മാർച്ച് 31 = ഈസ്റ്റർ).

ഫെബ്രുവരി 18 ഞായറാഴ്ച - അനൗദ്യോഗിക അറിയിപ്പ്. ''അടുത്ത വർഷത്തെ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് ഇടവകയോഗം മാർച്ച് 17 ഞായറാഴ്ച കൂടുന്നതിന് ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിന് ആഗ്രഹിക്കുന്ന 21 വയസ് പൂർത്തിയായ ഇടവകാംഗങ്ങൾ മാർച്ച് 1 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി കുടിശിക തീർത്തും കുമ്പസാരിച്ചും (2 ശനിയാഴ്ച രാവിലെ വി. കുർബാന അനുഭവിച്ചും) അർഹത നേടണം. അർഹതയുള്ളവരുടെ പ്രാഥമിക ലിസ്റ്റ് മാർച്ച് 03 ഞായറാഴ്ച രാവിലെ പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രാഥമിക ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനു ശേഷം അർഹത നേടുന്നവരെ ഉൾപ്പെടുത്താൻ കഴിയുകയില്ല. നോട്ടപ്പിശക് തിരുത്താൻ മാത്രമേ അവസരമുണ്ടായിരിക്കുകയുള്ളൂ'' എന്നു പ്രസ്താവിക്കണം.

ഇടയ്ക്ക് ഒരു കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നപക്ഷം ''ഫെബ്രുവരി 24 ശനിയാഴ്ച വരെ അർഹത നേടുന്നവരുടെ ഒരു കരടു ലിസ്റ്റ് എല്ലാവരുടെയും അറിവിലേക്ക് മാത്രമായി ഫെബ്രുവരി 25 ഞായറാഴ്ച പ്രസിദ്ധപ്പെടുത്തുന്നതാണ്'' എന്നു കൂടി പ്രസ്താവിക്കുന്നതു നല്ലതായിരിക്കും. നല്ല ഓഫീസ് സംവിധാനമുള്ള വലിയ ഇടവകകളിൽ ഇതു സാദ്ധ്യമാണ്.

ഫെബ്രുവരി 25 ഞായറാഴ്ച - അനൗദ്യോഗിക അറിയിപ്പ്. ''അടുത്ത വർഷത്തെ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് ഇടവകയോഗം മാർച്ച് 17-ന് കൂടുന്നതിന് ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിന് ആഗ്രഹിക്കുന്ന മാർച്ച് 3-ന് 21 വയസ് പൂർത്തിയാകുന്ന ഇടവകാംഗങ്ങൾ മാർച്ച് 1 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി കുടിശിക തീർത്തും കുമ്പസാരിച്ചും (2 ശനിയാഴ്ച രാവിലെ വി. കുർബാന അനുഭവിച്ചും) അർഹത നേടണം. അർഹതയുള്ളവരുടെ പ്രാഥമിക ലിസ്റ്റ് മാർച്ച് 3 ഞായറാഴ്ച രാവിലെ പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രാഥമിക ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനു ശേഷം അർഹത നേടുന്നവരെ ഉൾപ്പെടുത്താൻ കഴിയുകയില്ല. നോട്ടപ്പിശക് തിരുത്താൻ

മാത്രമേ അവസരമുണ്ടായിരിക്കുകയുള്ളു'' എന്നു പ്രസ്താവിക്കണം.

കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നപക്ഷം ''ഇന്നലെ (ഫെബ്രുവരി 24) വരെ അർഹത നേടിയവരുടെ ഒരു കരടു ലിസ്റ്റ് നിങ്ങളുടെ അറിവിലേക്ക് മാത്രമായി ഇന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാവരും അതു പരിശോധിച്ച് ഇടവകയോഗത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 1 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി കുടിശിക തീർത്തും കുമ്പസാരിച്ചും (2 ശനിയാഴ്ച രാവിലെ വി. കുർബാന അനുഭവിച്ചും) അർഹത നേടേണ്ടതാണ്'' എന്നു കൂടി പ്രസ്താവിക്കണം. കുമ്പസാരത്തിന്റെ സമയക്രമീകരണവും അറിയിക്കണം.

പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ഞായറാഴ്ചയ്ക്കു തൊട്ടു തലേന്നുള്ള വെള്ളിയാഴ്ചയ്ക്കു പകരം ശനിയാഴ്ച (മാർച്ച് 2) വൈകുന്നേരം വരെ കുമ്പസാരത്തിന് അവസരം കൊടുത്ത് ഞായറാഴ്ച രാവിലെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ഇടവകകളുമുണ്ട്. തലേന്ന് കുമ്പസാരിച്ചവർ ഞായറാഴ്ച (മാർച്ച് 3) വി. കുർബാന അനുഭവിക്കുമെന്ന് പ്രതീക്ഷിച്ചാണ് ഇതു ചെയ്യുന്നത്. ഒരു വർഷം മുഴുവൻ കുമ്പസാരിച്ചവരുടെ വി. കുർബാന അനുഭവത്തിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. ശനിയാഴ്ച (ഇവിടെ മാർച്ച് 2) വൈകുന്നേരം തന്നെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ഇടവകകളുണ്ട്.

മാർച്ച് 3 ഞായറാഴ്ച - പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരണം. 2024 മാർച്ച് 3-ന് 21 വയസ് പൂർത്തിയാകുന്ന (2003 മാർച്ച് 3-നോ അതിനു മുമ്പോ ജനിച്ച) ഇടവകാംഗങ്ങളിൽ 2023 മാർച്ച് 2 മുതൽ 2024 മാർച്ച് 1 / 2 വരെ കുമ്പസാരിച്ചവരെയും 2023 സെപ്റ്റംബർ 2 വരെയുള്ള കുടിശിക തീർത്തവരെയുമാണ് പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. 2023 സെപ്റ്റംബർ 30 / ഓഗസ്റ്റ് 31 വരെയുള്ള കുടിശിക തീർത്തവരെ ഉൾപ്പെടുത്തുന്നതായിരിക്കും കുറെക്കൂടി സൗകര്യം.

''അടുത്ത വർഷത്തെ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനു മാർച്ച് 17 ഞായറാഴ്ച കൂടാൻ ഉദ്ദേശിക്കുന്ന ഇടവകയോഗത്തിൽ സംബന്ധിക്കാൻ അർഹതയുള്ളവരുടെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ മാർച്ച് 7 വ്യാഴാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി വികാരി/കൈസ്ഥാനി/ സെക്രട്ടറിയെ അറിയിക്കണം. അടുത്ത (മാർച്ച് 10) ഞായറാഴ്ച രാവിലെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. അന്തിമ ലിസ്റ്റിൽ ഭേദഗതി വരുത്താൻ സാധിക്കുകയില്ല'' എന്നു പ്രസ്താവിക്കണം. ശനിയാഴ്ച (ഇവിടെ മാർച്ച് 9) തന്നെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ഇടവകകളുണ്ട്.

മാർച്ച് 10 ഞായറാഴ്ച - അന്തിമ ലിസ്റ്റ് പ്രസിദ്ധീകരണം. അജണ്ടാ ഉൾപ്പെടുത്തിയുള്ള ഇടവകയോഗ നോട്ടീസ് (ഒന്നാം തവണത്തെ ഔദ്യോഗിക അറിയിപ്പ്). ''ഇടവകയോഗത്തിൽ സംബന്ധിക്കാൻ അർഹതയുള്ളവരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഈ ലിസ്റ്റിൽ ഇനിയും ഭേദഗതി വരുത്താൻ സാധിക്കയില്ല'' എന്നും പ്രസ്താവിക്കണം. പ്രത്യേക നടപടിക്രമങ്ങൾ പാലിച്ച് തെരഞ്ഞെടുപ്പ് നടത്തുന്ന ഇടവകകളിൽ ആ കാര്യങ്ങൾ വിശദമായി പ്രസ്താവിക്കണം. മുൻ ഞായറാഴ്ചകളിലും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പ്രസ്താവിക്കാവുന്നതാണ്.

മാർച്ച് 17 ഞായറാഴ്ച - അജണ്ടാ ഉൾപ്പെടുത്തിയുള്ള ഇടവകയോഗ നോട്ടീസ് (രണ്ടാം തവണത്തെ ഔദ്യോഗിക അറിയിപ്പ്). ''ഇടവകയോഗത്തിൽ സംബന്ധിക്കാൻ അർഹതയുള്ളവരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്'' എന്നും പ്രസ്താവിക്കണം. തുടർന്ന് ഇടവകയോഗം; തെരഞ്ഞെടുപ്പ്.

പ്രത്യേക നടപടിക്രമങ്ങൾ പാലിച്ച് തെരഞ്ഞെടുപ്പ് നടത്തുന്ന ഇടവകകളിൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച (ഇവിടെ മാർച്ച് 10) ശേഷമുള്ള തിങ്കളാഴ്ച വരെ നാമനിർദേശ പത്രിക വിതരണത്തിനും ചൊവ്വാഴ്ച വരെ നാമനിർദേശങ്ങൾ സ്വീകരിക്കുന്നതിനും അന്നു തന്നെ പ്രാഥമിക സ്ഥാനാർത്ഥിപട്ടിക പ്രസിദ്ധീകരിക്കുന്നതിനും ബുധനാഴ്ച സൂക്ഷ്മപരിശോധനയ്ക്കും അന്നു തന്നെ സാധുവായ സ്ഥാനാർത്ഥിപട്ടിക പ്രസിദ്ധീകരിക്കുന്നതിനും വ്യാഴാഴ്ച വരെ പിൻവലിക്കുന്നതിനും അന്നു തന്നെ (ഇവിടെ മാർച്ച് 14) അന്തിമ സ്ഥാനാർത്ഥിപട്ടിക പ്രസിദ്ധീകരിക്കുന്നതിനും സൗകര്യം ലഭിക്കത്തക്കവിധത്തിൽ സമയക്രമീകരണം നിശ്ചയിക്കാവുന്നതാണ്. വിജ്ഞാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിശദമായ സമയക്രമീകരണങ്ങൾ ഒരു മാസം മുമ്പു തന്നെ പ്രസിദ്ധീകരിച്ചും പ്രസ്താവിച്ചും, തെരഞ്ഞെടുപ്പു നടപടിക്രമങ്ങൾ 5 ഞായറാഴ്ചകൾ ഉൾപ്പെടുന്ന 29 ദിവസം കൊണ്ട് പൂർത്തീകരിക്കുന്ന ഇടവകകളുണ്ട്. പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളിയിലെ നടപടിക്രമങ്ങൾ അനുകരണീയമായ ഒരു മാതൃകയായി കാണുന്നു. (തുടരും)

വാൽസല്യ കുഞ്ഞുങ്ങളേ,

നിങ്ങളെല്ലാവരും സുഖമായിരിക്കുന്നല്ലോ. മണിപ്പൂരിൽ നടക്കുന്ന കലാപങ്ങളെക്കുറിച്ചുള്ള വാർത്തകളൊക്കെ നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടാവുമല്ലോ. മനുഷ്യത്വം നഷ്ടപ്പെട്ട കുറെ 'മനുഷ്യർ' പരസ്പരം കൊന്നുതള്ളുന്ന, നമ്മുടെ ക്രിസ്തീയ സഹോദരങ്ങൾ പീഢിപ്പിക്കപ്പെടുന്ന ഭയാനകമായ സംഭവങ്ങളാണ് അവിടുന്ന് പുറത്ത് വരുന്നത്. അവിടെ സമാധാനം ഉണ്ടാകുവാൻ, നമ്മുടെ ഭരണാധികാരികൾക്ക് വിവേകവും, നേർബുദ്ധിയും ഉണ്ടാകുവാൻ നിങ്ങൾ ശ്രദ്ധയോടെ പ്രാർത്ഥിക്കണം.

എട്ട് വയസ്സുള്ള ഒരു കുട്ടി ഒരു കടയിൽ ചെന്ന് ഒരു രൂപ നാണയം കൊടുത്തിട്ട് കടക്കാരനോട് 'എനിക്ക് ഒരു രൂപയ്ക്ക് ദൈവത്തെ തരുമോ' എന്ന് ചോദിച്ചു. ആ കടക്കാരൻ നാണയം തട്ടി കളഞ്ഞിട്ട് അവനെ ഓടിച്ചു വിട്ടു. അടുത്ത കടയിലും അവൻ കയറി അവിടെയും അവൻ ഓടിച്ചുവിടപ്പെട്ടു. എന്നാൽ അവൻ നിരാശനാകാതെ നാല്പതോളം കടകളിൽ കയറി. എല്ലായിടത്തുനിന്നും സമാന അനുഭവങ്ങൾ തന്നെ അവനുണ്ടായി. അവസാനം അവൻ ഒരു വലിയ കടയുടെ മുമ്പിൽ എത്തി. ഒരു വൃദ്ധൻ ആയിരുന്നു കട ഉടമസ്ഥൻ. ആ മനുഷ്യനോടും അവൻ ചോദ്യം ആവർത്തിച്ചു. അയാൾ അവന്റെ കയ്യിൽ നിന്നും ആ നാണയം വാങ്ങി താൽപര്യത്തോടെ ചോദിച്ചു. 'എന്തിനാണ് നീ ഈശ്വരനെ വാങ്ങുന്നത്? വാങ്ങിയിട്ട് നീ എന്തു ചെയ്യും?' നിഷ്കളങ്കനായ ആ കുട്ടിക്ക് വലിയ സന്തോഷമായി. അവൻ വളരെ ഉൽസാഹത്തോടെ പറഞ്ഞു തുടങ്ങി. 'എനിക്ക് ഈ ലോകത്തിൽ ആകെയുള്ളത് എന്റെ അമ്മ മാത്രമാണ്. ദിവസം മുഴുവൻ കഷ്ടപ്പെട്ട് ജോലി ചെയ്താണ് അമ്മ എന്നെ പോറ്റുന്നത്. എന്നാൽ അമ്മ ഇപ്പോൾ അസുഖം ബാധിച്ച് ആശുപത്രിയിലാണ്. അമ്മക്ക് രോഗം കലശലാണെന്നും, ഈശ്വരന് മാത്രമേ നിന്റെ അമ്മയെ രക്ഷിക്കാൻ കഴിയൂ എന്നാണ് ഡോക്ടർമാർ പറഞ്ഞത്. എന്റെ അമ്മ മരിച്ചു പോയാൽ പിന്നെ എന്നെ ആര് ഊട്ടും, ആര് വളർത്തും അതുകൊണ്ടാണ് ഈശ്വരനെ വാങ്ങുന്നത്. ഒരു രൂപയ്ക്ക് ഈശ്വരനെ കിട്ടുമോ?' അപ്പോൾ കടക്കാരൻ പറഞ്ഞു തീർച്ചയായും കിട്ടും. അയാൾ ഒരു ഗ്ലാസ്സിൽ ഫിൽറ്റർ വെള്ളം എടുത്ത് അവന്റെ കൈയ്യിൽ കൊടുത്തിട്ട് പറഞ്ഞു നിന്റെ അമ്മയ്ക്ക് കൊണ്ടുപോയി കൊടുക്കൂ, അവരുടെ രോഗം മാറും. പിറ്റേദിവസം തന്നെ ചില സ്പെഷലിസ്റ്റ് ഡോക്ടർമാർ ആശുപത്രിയിൽ എത്തി. അവർക്ക് ആവശ്യമായിരുന്ന ഓപ്പറേഷൻ നടത്തി. വളരെ വേഗം അവർ സുഖംപ്രാപിച്ചു. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആകുമ്പോൾ ഭീമമായ ബില്ല് കണ്ട് അവർ അന്ധാളിച്ചു. ഡോക്ടർമാർ അവരെ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു. നിങ്ങൾ പേടിക്കേണ്ട വൃദ്ധനായ ഒരു മനുഷ്യൻ നിങ്ങളുടെ ബില്ലെല്ലാം അടച്ചു കഴിഞ്ഞു. നിങ്ങൾക്കു തരുവാൻ ഒരു കത്തും അയാൾ തന്നിട്ടുണ്ട്. അവർ കത്ത് തുറന്ന് വായിച്ചു. അതിലിപ്രകാരമാണ് എഴുതിയിരുന്നത്. 'നിങ്ങൾ എന്നോട് നന്ദി പറയേണ്ടതില്ല. കാരണം ശരിക്കും നിങ്ങളെ രക്ഷിച്ചത് ഈശ്വരൻ തന്നെയാണ്. ഞാനതിന് ഒരു മുഖാന്തിരമായി എന്നു മാത്രം. നന്ദി പറയേണ്ടത് നിഷ്കളങ്കനായ നിങ്ങളുടെ കുഞ്ഞിനോടാണ്. കാരണം അവൻ ഒരു രൂപയുമായി ഈശ്വരനെ വാങ്ങാൻ അലയുകയായിരുന്നു. അവന്റെ മനസ്സിൽ ദൃഢമായ ഒരു നിശ്ചയം ഉണ്ടായിരുന്നു ഈശ്വരനു മാത്രമേ നിങ്ങളെ രക്ഷിക്കാൻ കഴിയൂ എന്ന്. അതാണ് വിശ്വാസം, അവന്റെ ആ വിശ്വാസമാണ് നിങ്ങളെ രക്ഷിച്ചത്'. കുഞ്ഞുങ്ങളെ ദൈവത്തെ ലഭിക്കാൻ കോടിക്കണക്കിന് രൂപ അല്ല ആവശ്യം ദൃഢമായ, അചഞ്ചലമായ വിശ്വാസം ഉണ്ടെങ്കിൽ ഒരു രൂപ ഇല്ലെങ്കിലും ദൈവത്തെ ലഭിക്കും.

ആഗസ്റ്റ് 15 ഭാരതത്തിന്റെ 76-ാമത് സ്വാതന്ത്ര്യദിനം. സ്വാതന്ത്ര്യം കിട്ടി 76 വർഷം പിന്നിടുമ്പോഴും, ഡിജിറ്റൽ യുഗത്തിലാണെന്ന് അവകാശപ്പെടുമ്പോഴും ഭാരതം വീണ്ടും ഒരു ഇരുണ്ട കാലത്തേക്കാണോ പോകുന്നതെന്ന് ഭയപ്പെടുന്ന സംഭവങ്ങളാണ് നടക്കുന്നത്. ഗാന്ധിജിയെപ്പോലുള്ള മഹാരഥന്മാർ സ്വപ്നം കണ്ട യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിക്കായി നമുക്ക് പ്രാർത്ഥിക്കാം.

ഇത് ഓണ മാസവും കൂടിയാണല്ലോ. മലയാളിയുടെ ഗൃഹാതുരത്വത്തിന്റെ ഓർമ്മകൾ സമ്മാനിക്കുന്ന ഉത്സവമാണല്ലോ ഓണം. കള്ളവും, ചതിവും ഇല്ലാത്ത, മനുഷ്യരെല്ലാവരും ഒരുപോലെ നീതിമാനായ ഒരു ഭരണാധികാരിയുടെ ഭരണത്തിൽ കഴിഞ്ഞ നന്മനിറഞ്ഞ നാളുകളെക്കുറിച്ചുള്ള ഓർമ്മ പുതുക്കലാണല്ലോ ഓണം. ഇനിയും അങ്ങനെ ഒരു കാലം നമുക്ക് സ്വപ്നം കാണാം. നിങ്ങളിൽ നിന്നും അപ്രകാരമുള്ള ഭരണാധികാരികൾ ഉണ്ടാകട്ടെ എന്ന് ചേച്ചി ആശിക്കുന്നു. സന്തോഷകരമായ ഒരു ഓണം ആശംസിക്കുന്നു.

സ്നേഹത്തോടെ നിങ്ങളുടെ **ജൂലി ചേച്ചി**

## സെപ്റ്റംബർ-ഈലൂൽ

2 യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 149-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
3. വാങ്ങിപ്പു പെരുന്നാളിനുശേഷം മൂന്നാം ഞായറാഴ്ച.
8. വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ
9. വി. ദൈവമാതാവിന്റെ മാതാപിതാക്കളായ യൂയാക്കീമിന്റെയും, ഹന്നായുടെയും ഓർമ്മ.
10. വാങ്ങിപ്പു പെരുന്നാളിനുശേഷം നാലാം ഞായറാഴ്ച.
14. സ്ലീബാ പെരുന്നാൾ
15. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 111-ാം വാർഷികം.
17. സ്ലീബാ പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച.
23. വാഴ്ത്തപ്പെട്ട അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 100-ാം ഓർമ്മ (പഞ്ചിം സെന്റ് മേരീസ് പള്ളി, ഗോവ).
24. സ്ലീബാ പെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച. പേർഷ്യക്കാരനായ മാർ ദീമത്തിന്റെ ഓർമ്മ.
25. അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 129-ാം ഓർമ്മ.
28. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ (ആലുവ തൃക്കുന്നത്ത് സെമിനാരി).

# സായാഹ്നത്തിലെ ദീപനാളം

കൂർത്തമല സെന്റ് മേരിസ് ഓർത്തഡോക്സ് ഇടവകയിലെ കടപ്ര സെന്റ് ജോർജ്ജ് പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന **"സായാഹ്നത്തിലെ ദീപനാളം"** എന്ന ക്യാൻസർ കെയർ മിഷൻ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. നിലവിൽ ചികിത്സയിലായിരിക്കുന്ന ക്യാൻസർ രോഗികൾക്ക് അപേക്ഷ നൽകാം.

Application Letter with Passport size photo and Contact Number, Copy of Doctor or Medical Certificate, Copy of any ID proof, Vicar's Letter.

**അപേക്ഷ അയക്കേണ്ട വിലാസം**

To,

**The President**
**St. George Orthodox Youth Movement**
**Kadapra P.O., Kumbanad, Pin : 689 547**
**Ph : 8075900623 / 7907612326**

# ആവശ്യമുണ്ട്

**പിരളശ്ശേരി സെന്റ് ജോർജ്ജ് സിംഹാസനപള്ളിയിലേക്ക് 50 വയസ്സിൽ കവിയാത്ത കെയർടേക്കറെ ആവശ്യമുണ്ട്. താഴെക്കാണുന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് അഭിമുഖത്തിന് എത്തുക.**

**ഫോൺ : 8129373203/9961598040 (ട്രസ്റ്റി)**

## നന്ദിപൂർവ്വം...

ബഥേൽ പത്രികയുടെ സ്പെഷ്യൽ പതിപ്പിന്റെ പ്രസിദ്ധീകരണത്തിനായി സാമ്പത്തിക സഹായം നൽകി പരസ്യം നൽകിയ ഇടവകകളെയും, ബഹുമാന്യ വ്യക്തികളെയും, മെറിറ്റ് അവാർഡിനായി സാമ്പത്തികസഹായം നൽകിയ ശ്രീ. റോയി മുത്തൂറ്റിനെയും നന്ദിപൂർവ്വം സ്മരിക്കുന്നു.


**ചീഫ് എഡിറ്റർ**

നിത്യകൂടാരത്തിൽ മദ്ധ്യസ്ഥനായി.....



പ്രാർത്ഥനാപൂർവ്വം

**സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ**
**പുത്തൻകാവ്**




Printed & Published by Diocesan Secretary | Owned by Diocese of Chengannur. PB No. 38, Bethel Aramana
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566